# KANNUR UNIVERSITY

## MINUTES OF THE ORDINARY MEETING OF THE SENATE

**DATE: 16th SEPTEMBER 2022 (FRIDAY)**
**TIME: 10.00 AM**
**VENUE: ONLINE MEETING**

**MEMBERS PRESENT:**

1. Prof. Gopinath Ravindran (Vice-Chancellor).
2. Prof. Sabu.A (Pro-Vice-Chancellor).
3. Smt. Nita Kumari. T, Secretary to Finance
4. Smt. N.Sukanya
5. Dr. T.P. Ashraf.
6. Dr. A. Ashokan.
7. Dr. K.T. Chandramohanan.
8. Dr. P.P.Jayakumar
9. Dr. Prasadan P K.
10. Sri. Pramod Kumar K.V.
11. Dr. Rakhi Raghavan.
12. Sri. M.C. Raju.
13. Prof.(Dr).K.Sreejith.
14. Prof.P.Mahesh Kumar.
15. Prof. V Lissy Mathew.
16. Smt. Sreelekha M.
17. Dr. Manjula K.V.
18. Dr. Vijayan K.
19. Dr. M Sini
20. Sri. Jayakrishnan T.V.
21. Dr. Ismail Olayikkara.
22. Sri. Shanavas S.M.
23. Smt. Latha E.S.
24. Dr. R.K. Biju.
25. Dr. Premachandran Keezhoth.
26. Smt. Sona P.
27. Dr. Suresh Kumar K.S.
28. Dr. Shanoj M P.

29. Smt. Jamunarani Teacher.
30. Sri. Saju .P.J.
31. Sri. Satheesan P.K.
32. Sri. Sarang K, Chairman, University Union.

Also present: Dr. Joby K Jose, Registrar.

8.01 Prof. Gopinath Ravindran, Vice-Chancellor took the chair and called the meeting to order at 10 am.

8.02 The meeting thereafter considered the items on the agenda.

I. **Questions asked by the Members of the Senate and answers thereto by the Syndicate.**

Q.No. 1

Dr. MANJULA K V

പി.എച്ച്.ഡി മലയാളം കോഴ്സുകൾക്ക് പരീക്ഷ 2019 ഫെബ്രുവരിയിൽ എഴുതിയവർ പാസ്സായെന്ന് അറിയിച്ചെങ്കിലും 21/2 വർഷത്തിന് ശേഷം എസ്.ആർ.എഫിന് അപേക്ഷിക്കുമ്പോൾ അവർ കോഴ്സ് വർക്കിന് പുതിയ റെഗുലേഷൻ പ്രകാരം പാസ്സായില്ലെന്ന് അറിയിച്ചിരുന്നു. 2019 ൽ പഴയ റെഗുലേഷൻ പ്രകാരം 50% മാർക്ക് വാങ്ങിയ അവരുടെ പരാതി പരിഗണിച്ച് പഴയ റെഗുലേഷൻ പ്രകാരം പാസ്സായതായുള്ള ഓർഡർ ഇറക്കാമെന്നും ഡയറക്ടർ അറിയിച്ചിരുന്നു. ഇതു വരെ ഓർഡർ ലഭിച്ചിട്ടില്ല. അതിന്റെ നടപടികൾ എത്രത്തോളമായി?

ഉത്തരം - പ്രൊഫ. (ഡോ) കെ ശ്രീജിത്ത് - റിസർച്ച് സ്കോളേഴ്സിൽ നിന്നും അപേക്ഷ ലഭിച്ചതിനെ തുടർന്ന് വൈസ് ചാൻസിലരുടെ ഉത്തരവ് പ്രകാരം ഈ കാര്യത്തിൽ തീരുമാനം എടുക്കുന്നതിനായി അക്കാദമിക് കൗൺസിലിൽ കുറിപ്പ് (22/10/2021) സമർപ്പിക്കുകയും, 14/07/2022 തീയ്യതിയിലെ മീറ്റിംഗിൽ അക്കാദമിക് കൗൺസിൽ പ്രസ്തുത നോട്ട് പരിഗണിക്കുകയും ഇതിന്മേലുള്ള തീരുമാനം സിൻഡിക്കേറ്റിന്റെ പരിഗണനക്കു വിടുന്നതിനായി തീരുമാനിക്കുകയും ചെയ്തതിനാൽ സിൻഡിക്കേറ്റിലേക്ക് ഇതു സംബന്ധിച്ച് കുറിപ്പ് നൽകുന്നതാണ്.

Q. No. 2

Dr. SHANOJ M P

ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണം സംബന്ധിച്ച 2018 ലെ ആർ.ഡി ആക്ട് അഫിലിയേറ്റഡ് കോളേജുകളിലെയും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലേയും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ടോ? ഇതു പ്രകാരം 2018 ന് ശേഷം എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്?

ഉത്തരം - ശ്രീമതി. എൻ സുകന്യ - കണ്ണൂർ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്ന ശേഷിക്കാർക്കു നിലവിലെ നിയമപ്രകാരം 4% സംവരണം നടപ്പാക്കിയിട്ടുണ്ട്. ഇതു പ്രകാരം 2018 നു ശേഷം നിയമനങ്ങളൊന്നും നടന്നിട്ടില്ല. എന്നാൽ 4 അദ്ധ്യാപക തസ്തികകൾ നോട്ടിഫൈ/റീനോട്ടിഫൈ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എയ്ഡഡ് കോളേജുക

ളിലെ നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് 4% സംവരണം നൽകണമെന്ന 18/11/2018 ലെ ജി.ഒ(പി) നം. 18/2018/എസ്ജിഡി സർക്കാർ ഉത്തരവ് കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലുള്ള എല്ലാ എയ്ഡഡ് കോളേജുകളിലേക്കും അയച്ചു കൊടുത്തിട്ടുണ്ട്. 2018 നു ശേഷം ഭിന്നശേഷി വിഭാഗത്തിലുള്ള 6 അദ്ധ്യാപകർക്ക് എയ്ഡഡ് കോളേജുകളിൽ നിയമനം നൽകിയിട്ടുണ്ട്.

കോളേജുകളിലെ അനദ്ധ്യാപകരുടെ വിവരങ്ങൾ സർവ്വകലാശാലയിൽ ലഭ്യമല്ല. THE RIGHTS OF PERSONS WITH DISABILITIES ACT, 2016 ചട്ടം 34 പ്രകാരം, അംഗപരിമിതിയുള്ളവർക്ക് നിയമനത്തിന് യോഗ്യമെന്ന് കണ്ടെത്തിയ തസ്തികകളിൽ നിലവിൽ വരുന്ന ആകെ ഒഴിവുകളുടെ 4% അത്തരം പരിമിതി ഉള്ളവർക്ക് അനുവദനീയമാണ്. കണ്ണൂർ സർവ്വകലാശാലയിലെ അനദ്ധ്യാപക വിഭാഗങ്ങളിലെ നേരിട്ടുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷനു നൽകിക്കൊണ്ടുള്ള THE KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE SERVICES UNDER THE UNIVERSITIES) ACT 2015 നിലവിൽ വന്നിട്ടുണ്ട്. അതുപ്രകാരം അംഗപരിമിതിയുള്ളവർക്ക് നിയമനത്തിന് യോഗ്യമെന്ന് കണ്ടെത്തിയ കണ്ണൂർ സർവ്വകലാശാലയിലെ അനദ്ധ്യാപക വിഭാഗം തസ്തികകളിലെ 4% സംവരണ ടേൺ നിശ്ചയിക്കുന്നതും അത്തരം ടേണിലേക്കുള്ള നിയമനം അനുവദിക്കുന്നതും PSC മുഖേനയാണ്. THE RIGHTS OF PERSONS WITH DISABILITIES ACT, 2016 ചട്ടം 34 പ്രകാരം, കണ്ണൂർ സർവ്വകലാശാലയിലെ ഭിന്നശേഷി വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ മുഖേനയുള്ള നിയമനങ്ങളിൽ സംവരണം അനുവദിക്കുമ്പോൾ നിശ്ചയിക്കേണ്ട ടേൺ സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് കത്ത് കൈമാറിയിട്ടുണ്ട്. ഭിന്നശേഷി വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ മുഖേനയുള്ള നിയമനങ്ങളിൽസംവരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 15/07/2022 ലെ G.O.(P) No. 5/2022/SJD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്.

അഫിലിയേറ്റഡ് കോളേജുകളിലേയും ഡിപ്പാർട്ട്മെന്റുകളിലേയും നിയമനങ്ങൾക്ക് ആർ.ഡി ആക്ട് ബാധകമാക്കിയിട്ടുണ്ട്. 18/05/2022 വരെ നടത്തിയ എല്ലാ നിയമനങ്ങളും (അഫിലിയേറ്റഡ് കോളേജുകളിൽ) അംഗീകരിക്കാൻ സർക്കാർ നിർദ്ദേശം വന്നിട്ടുണ്ട്.

Q. No.3

Dr. ISMAYIL OLAYIKKARA

സ്പെഷ്യൽ പരീക്ഷകൾ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും എല്ലാ സെമസ്റ്ററിലും നിശ്ചിത സമയ പരിധിക്കുള്ളിൽ നടത്താൻ സാധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഏതെല്ലാം പരീക്ഷകളാണ് ഇനിയും നടത്താനുള്ളത്?

ഉത്തരം – കെ ടി ചന്ദ്രമോഹനൻ – രണ്ടാം സെമസ്റ്റർ ബിരുദ ഏപ്രിൽ 2021 സ്പെഷ്യൽ പരീക്ഷ ഒഴികെ എല്ലാ സ്പെഷ്യൽ പരീക്ഷകളും നടത്തിയിട്ടുണ്ട്.

Q. No.4

Sri. SAJU P J

താവക്കര ക്യാമ്പസിൽ സെമിനാർ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തി കരാറനുസരിച്ച് എന്നാണ് തീരേണ്ടത്? നിർമ്മാണം പൂർത്തിയാക്കി സെമിനാർ കോംപ്ല

ക്സ് പ്രവർത്തന സജ്ജമാക്കാൻ വേണ്ടി എന്തു നടപടിയാണ് സർവ്വകലാശാല സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം - ഡോ. എ അശോകൻ - 22/09/2021 ലെ സിൻഡിക്കേറ്റ് തീരുമാനം 2021.611 പ്രകാരം താവക്കര ക്യാമ്പസിലെ സെമിനാർ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള അവസാന തീയ്യതി 30/10/2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കേരള ഗവൺമെന്റിന്റെ സിൽവർലൈൻ പദ്ധതി സെമിനാർ കോംപ്ലക്സിന്റെ നിർമ്മാണ സ്ഥലത്തിന്റെ ഒരു വശത്തു കൂടെ കടന്നു പോകുന്ന തിനാൽ, കൺസൾട്ടന്റ് ഏജൻസിയായ M/S ULCCS Ltd. നോട് പുതുക്കിയ ആർക്കി ടെക്ചറൽ ഡിസൈനും എസ്റ്റിമേറ്റും സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നെ ങ്കിലും 29/07/2022 ൽ നടന്ന ബിൽഡിംഗ് കമ്മിറ്റി മീറ്റിംഗിലെ other item (5) പ്രകാരം സെമിനാർ കോംപ്ലക്സിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തികൾ നേരത്തെ തീരുമാനിച്ച പ്രകാരം തുടരാൻ ശുപാർശ ചെയ്യുകയും 12/08/2022 ന് നടക്കുന്ന സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തി ട്ടുണ്ട്.

## Q. No.5

## Dr. VIJAYAN K

മൂല്യനിർണ്ണയ ക്യാമ്പ് കഴിയുന്ന ദിവസം അദ്ധ്യാപകർക്ക് പ്രതിഫല തുക നൽകാ മെന്നുള്ള പ്രമേയം 30/1/2020 ന്റെ ആദ്യത്തെ സെനറ്റ് മീറ്റിങ്ങിൽ പാസ്സാക്കിയി ട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഇതുവരെയായി ഒരു നടപടിയും കാണുന്നില്ല. കാരണമെന്ത്?

ഉത്തരം - ശ്രീ. പ്രമോദ് കുമാർ കെ വി - 08/11/2021 ന് നടന്ന സെനറ്റ് യോഗ ത്തിൽ ചോദ്യം ക്രമനമ്പർ 7 ന്റെ മറുപടിയായി, ബന്ധപ്പെട്ട ചെയർപേഴ്സൺ നിശ്ചിത തീയ്യതിയിൽ കുറ്റമറ്റ രീതിയിൽ വിവിധ മൂല്യനിർണ്ണയ ക്യാമ്പുകളിലെ ബില്ലുകൾ ക്രോഡീകരിച്ചു സമർപ്പിക്കുകയാണെങ്കിൽ ആ ദിവസം തന്നെ വേതന വിതരണ നടപടികൾ പൂർത്തിയാക്കാമെന്ന് അറിയിച്ചിരുന്നു. മൂല്യനിർണ്ണയ ക്യാമ്പ് കഴിയുന്ന ദിവസം അദ്ധ്യാപകർക്ക് പ്രതിഫല തുക നൽകുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ചായിരുന്നു ഇത്. എന്നാൽ ചെയർപേ ഴ്സൺമാർ ബില്ലുകളും അനുബന്ധരേഖകളും കുറ്റമറ്റ രീതിയിൽ നിശ്ചിത സമയ ത്തിനകം സമർപ്പിക്കാൻ തയ്യാറാവാത്തതിനാൽ ഇത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

## Q. No.6

## Dr. R K BIJU

2021 ലെ (കഴിഞ്ഞ വർഷത്തെ) ചോദ്യപേപ്പർ അതേപടി 2022 ൽ (ഈ വർഷവും) ആവർത്തിച്ചിട്ടും വീണ്ടും പരീക്ഷ നടത്താതെ മൂല്യനിർണ്ണയം നടത്തി ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതു വിഷയത്തിൽ? ഏത് പരീക്ഷയാണ്? ഇതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിരുന്നോ? എന്തു കൊണ്ടാണ് പുനഃപരീക്ഷ നടത്താതിരുന്നത്? ഇതേ തരത്തിൽ ചോദ്യപേപ്പർ ആവർത്തിച്ചിട്ടും പുനഃപരീക്ഷ നടത്തിയ വിഷയങ്ങൾ ഏതൊക്കെ?

ഉത്തരം – ഡോ. കെ.ടി. ചന്ദ്രമോഹനൻ – കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബിരുദ (2019 സിലബസ് – നവംബർ 2021 സെഷൻ) പരീക്ഷയുടെ (i) 3B05PSY : PSYCHOLOGY OF INDIVIDUAL DIFFERENCES (2) 3C03PSY : NEUROBIOLOGICAL PERSPECTIVE എന്നീ കോഴ്സുകളുടെയും നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ (CBSS – 2017 സിലബസ് – ഏപ്രിൽ 2022 സെഷൻ) പരീക്ഷയുടെ MAT4E02 : FOURIER AND WAVELET ANALYSIS എന്ന കോഴ്സിന്റെയും ചോദ്യക്കടലാസുകൾ മുൻ തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, മേൽ ബിരുദ കോഴ്സുകളുടെ 3B05PSY & 3C03PSY പരീക്ഷകൾ മാറ്റി നടത്തിയിട്ടുണ്ട്. ബിരുദാനന്തര ബിരുദ പരീക്ഷ MAT4E02 മാറ്റി നടത്തിയിട്ടില്ല. കൂടാതെ മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷയുടെയും (നവംബർ 2021 സെഷൻ) നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷയുടെയും (നവംബർ 2021 സെഷൻ) നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷയുടെയും (ഏപ്രിൽ 2022 സെഷൻ) ഫലങ്ങളോടൊപ്പം തന്നെ ടി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാം സെമസ്റ്റർ ബിരുദ സൈക്കോളജി വിഷയത്തിന്റെ ചോദ്യപേപ്പർ ആവർത്തനവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്.

8.03 സാങ്കേതിക തടസ്സം നേരിട്ടതിനെ തുടർന്ന് 1 മുതൽ 6 വരെ യുള്ള ചോദ്യോത്തര വേള റിക്കാർഡ് ചെയ്യാൻ സാധിച്ചില്ല. ഇത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് വൈസ് ചാൻസിലർ യോഗം അല്പസമയത്തേക്ക് നിർത്തി വെച്ചു.

Q. No.7

Dr. MANJULA K V

കണ്ണൂർ സർവ്വകലാശാല പരീക്ഷാ മാന്വൽ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ? നടപടികൾ എത്രത്തോളമായി?

ഉത്തരം – ഡോ. കെ.ടി. ചന്ദ്രമോഹനൻ – പരിക്ഷ മാന്വൽ പരിഷ്കരിക്കുന്നതിനായി 03/09/2018 ലെ ഇജി 1.1/5129/2018 നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം പരീക്ഷാ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറായിരുന്ന ശ്രീ. എം സുധാകരനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പൂർത്തിയായിട്ടില്ല.

Q. No.8

Dr. VIJAYAN K

ഓൺലൈൻ ചോദ്യപേപ്പർ മുഖാന്തിരം കണ്ണൂർ യൂണിവേഴ്സിറ്റിയിൽ പരീക്ഷകൾ ആരംഭിച്ച സാഹചര്യത്തിൽ അഡീഷണൽ ചീഫുമാരെ നിയമിച്ച് പരീക്ഷയുടെ സുതാര്യത ഉറപ്പു വരുത്തുവാൻ വല്ല നടപടിയും യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം – ഡോ. പി.പി. ജയകുമാർ – നിലവിൽ അഡീഷണൽ ചീഫുമാരെ നിയമിച്ചിട്ടില്ല. സ്ക്വാഡിന് പുറമേ അഡീഷണൽ ചീഫുമാരെ നിയമിക്കുന്നത് പരിഗണനയിലാണ്.

8.04 എല്ലാ കോളേജുകളിലും അഡീഷണൽ ചീഫ് സൂപ്രണ്ടുമാരെ നിയമിക്കണമെന്ന് ഡോ. വിജയൻ കെ അഭിപ്രായപ്പെട്ടു.

Q. No.9

Sri. SARANG K

വിദ്യാർത്ഥികളുടെ അറ്റൻഡൻസ് കാൽകുലേഷൻ സംബന്ധിച്ച്.

നിലവിൽ കോളേജുകളിൽ അറ്റൻഡൻസ് കാൽകുലേഷന് യൂണിവേഴ്സിറ്റി ഏത് രീതിയാണ് പ്രിഫർ ചെയ്യുന്നത്? ഹവർ ബേസ്ഡ് കാൽകുലേഷനാണോ അതോ എസ്.എം.എസ്. രീതിയിലാണോ? ഒരു ഹവർ നഷ്ടപ്പെട്ടാൽ ഹാഫ് ഡെ ലീവ് ആകുന്ന സാഹചര്യം നീതിരഹിതമാണ്. അറ്റൻഡൻസ് CE മാർക്കിന്റെ മാനദണ്ഡ മാകുന്നത് പുന:പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം - ഡോ. രാഖി രാഘവൻ - യു ജി (2019 അഡ്മിഷൻ മുതൽ), പി ജി (2014 അഡ്മിഷൻ മുതൽ) എന്നീ പ്രോഗ്രാമുകളുടെ റഗുലേഷനുകളിൽ, ഒരു വിദ്യാർത്ഥി നേടിയിരിക്കേണ്ട മിനിമം അറ്റൻഡൻസിനെപ്പറ്റിയല്ലാതെ, ക്ലാസിൽ വിദ്യാർത്ഥിക്ക് ഏതു രീതിയിലാണ് അറ്റൻഡൻസ് നൽകേണ്ടത് എന്നതു സംബ ന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല.

നിലവിൽ ഓരോ കോളേജും അവരുടേതായ മാനദണ്ഡങ്ങൾ അനുസരിച്ചാണ് അറ്റൻഡൻസ് കാൽകുലേഷൻ നടത്തുന്നത്. അറ്റൻഡൻസ് CE മാർക്കിന്റെ മാനദ ണ്ഡമാക്കുന്നത് പുന:പരിശോധിക്കുന്നതിൽ നിലവിൽ തീരുമാനമൊന്നും എടു ത്തിട്ടില്ല.

8.05 യു.ജി.സി. യുടെ Clause 9.4(IX) പ്രകാരം എല്ലാ കോഴ്സുകൾക്കും ഒരു സെമസ്റ്റ റിൽ മെയിൻ അറ്റൻഡൻസ് 75% ആണ്. കണ്ണൂർ യൂണിവേഴ്സിറ്റി റെഗുലേഷൻ പ്രകാരം സി.ഇ. മാർക്കിന് അറ്റൻഡൻസ് ബാധകമല്ല.

Q. No.10

Dr. R K BIJU

30.03.2022 ന് ചേർന്ന സെനറ്റ് മീറ്റിംഗിൽ അവതരിപ്പിച്ച 2021 ലെ ആനുവൽ റിപ്പോർട്ടിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതൊക്കെ ഭാഗങ്ങളിൽ ആണ് തിരുത്തൽ വരുത്തിയിട്ടുള്ളത്?

ഉത്തരം - പ്രൊഫ. വി. ലിസി മാത്യു - 15/06/2022 ന് നടന്ന ആനുവൽ റിപ്പോർട്ട് കമ്മിറ്റി യോഗത്തിൽ 2021 ലെ ആനുവൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട് 30/03/2022 ന് ചേർന്ന സെനറ്റ് മിറ്റിംഗിൽ ഉന്നയിച്ച അപാകതകൾ വിശദമായി പരിശോധിക്കു കയും യോഗതീരുമാന പ്രകാരം സെനറ്റ് മീറ്റിംഗിൽ ഉന്നയിച്ച അപാകതകളിന്മേൽ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ വിശദമായ അന്തിമ റിപ്പോർട്ട് വൈസ് ചാൻസിലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

8.06 2021 ലെ ആന്വൽ റിപ്പോർട്ട് 2022 അവസാനമാകുമ്പോഴേക്കും ഇതുവരെ പ്രസിദ്ധീ കരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് ഉപചോദ്യമായി ഡോ. ആർ.കെ ബിജു ചോദിച്ചു.

8.07 ബഹുമാനപ്പെട്ട അംഗം നേരത്തെ ചൂണ്ടിക്കാട്ടിയ തിരുത്തലുകൾ വരുത്തിയിട്ടാണ് റിപ്പോർട്ട് അംഗീകരിച്ചതെന്നും സമയബന്ധിതമായി സർക്കാരിലേക്ക് അയച്ചു

കൊടുക്കേണ്ടതിനാലാണ് വൈസ് ചാൻസിലർ അയച്ചുകൊടുത്തതെന്നും പ്രോ. വൈസ് ചാൻസിലർ പറഞ്ഞു.

8.08 നേരത്തെ നൽകിയ ഉത്തരത്തിൽ വ്യക്തതക്കുറവുണ്ടെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. ആന്വൽ റിപ്പോർട്ടിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണെന്നും വൈസ് ചാൻസിലർ അറിയിച്ചു.

Q. No.11

Dr. SURESH KUMAR K S

കണ്ണൂർ സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ HoD റൊട്ടേഷൻ എപ്പോൾ മുതലാണ് നടപ്പിലാവുക? HoD റൊട്ടേഷൻ പ്രാവർത്തികമാക്കാനുള്ള കാലതാമസത്തിന് കാരണം എന്താണ്?

ഉത്തരം – ശ്രീ. പ്രമോദ് കുമാർ കെ.വി – 2023 മെയ് 31 മുതൽ HoD റൊട്ടേഷൻ നടപ്പിലാവുന്നതാണ്. വിവിധ അദ്ധ്യാപക സംഘടന നേതാക്കളുമായി 07/06/2022 നു ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനങ്ങൾ കൈക്കൊണ്ടത്.

8.09 അക്കാദമിക വർഷം പകുതി വെച്ച് നടപ്പിലാക്കിയാലുള്ള ബുദ്ധിമുട്ട് പരിഗണിച്ചാണ് ഇത്തരത്തിലുള്ള തീരുമാനമെടുത്തത്.

Q. No.12

Dr. SURESH KUMAR K S

ബോർഡ് ഓഫ് സ്റ്റഡീസ് പുന:സംഘടന വൈകുന്നത് അക്കാദമിക് മേഖലയിൽ വലിയ അനിശ്ചിതത്വത്തിന് കാരണമാകുന്നുണ്ട്. സർവ്വകലാശാല ചാൻസിലർക്ക് അയച്ച പരിഗണന പട്ടികയ്ക്ക് അംഗീകാരം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് സർവ്വകലാശാല എന്ത് തുടർനടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം – ശ്രീ. പ്രമോദ് കുമാർ കെ.വി – 12/07/2022 തീയ്യതിയിൽ അയച്ച, പഠന ബോർഡുകളിലേക്ക് ചെയർപേഴ്സൺ, മെമ്പർമാർ എന്നിവരെ നാമനിർദ്ദേശം ചെയ്യാനുള്ള പരിഗണന പട്ടിക, നിലവിൽ ബഹു. ചാൻസിലറുടെ പരിഗണനയിലാണ്.

Q. No.13

Dr. MANJULA K V

കെ.എം.എം. ഗവ. വനിതാ കോളേജിൽ ബിരുദ വിദ്യാർത്ഥികൾക്ക് സംസ്കൃതം ഉപഭാഷയായി പഠിക്കുന്നതിനുള്ള അനുവാദം ചോദിച്ചിരുന്നു. അതിനുമേലുള്ള തുടർ നടപടികൾ എത്രത്തോളമായി?

ഉത്തരം – ശ്രീ. എം.സി. രാജു – കെ എം എം വിമൻസ് കോളേജിൽ സംസ്കൃതം രണ്ടാം ഭാഷയായി ഉൾപ്പെടുത്താൻ വേണ്ടി സർക്കാരിൽ നിന്നും നേടിയ എൻ.ഒ.സി ഹാജരാക്കാൻ കോളേജ് പ്രിൻസിപ്പാളിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 11.03.2022 തീയ്യതിയിലെ സിൻഡിക്കേറ്റ് തീരുമാനം ഇനം നം. 2022.104 പ്രകാരം പ്രസ്തുത വിഷയത്തിൽ അനുവാദത്തിനായി സർവ്വകലാശാല നേരിട്ട് സർക്കാരിലേക്ക് കത്ത് അയച്ചിട്ടുണ്ട്. രണ്ട് കത്തുകൾക്കും ബന്ധപ്പെട്ടവരിൽ നിന്നും ഇനിയും മറുപടി ലഭിച്ചിട്ടില്ല.

Q. No.14

Sri. SARANG K

ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ ജനാധിപത്യ വേദികളെ സംബന്ധിച്ച് യൂണിവേഴ്സിറ്റിക്ക് കീഴിലെ ഡിപ്പാർട്ട്മെന്റ് സെന്ററുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും ഹോസ്റ്റലുകളിൽ നിലവിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ വേദികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഓർഡറുകൾ നിലവിലുണ്ടോ? വിദ്യാർത്ഥികൾ ഏറ്റവുമധികം സമയം ചെലവഴിക്കുന്ന ഹോസ്റ്റലുകളിൽ നിരവധി പ്രശ്നങ്ങളും നിലനിൽക്കുകയാണ്. ഹോസ്റ്റൽഫീസ്, അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണം അങ്ങിനെ, അവയെ അഡ്രസ് ചെയ്യാൻ ഹോസ്റ്റലുകളിലെ വിദ്യാർത്ഥി ബോഡികളുടെ രൂപീകരണത്തിന് എന്ത് ചെയ്യാനാവും?

ഉത്തരം - ഡോ. ടി.പി.അഷ്റഫ് - നിലവിൽ വിദ്യാർത്ഥി ക്ഷേമവിഭാഗത്തിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട ഓർഡറുകളൊന്നും തന്നെയില്ല. പ്രസ്തുത വിഷയത്തിൽ കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടസ് ചാപ്റ്റർ V പ്രകാരം നിയമ നിർമ്മാണം നടത്തി ഉത്തരവുകളുണ്ടാവുന്ന മുറയ്ക്ക് തുടർ നടപടികൾ പരിഗണിക്കുന്നതാണ്.

Q. No.15

Dr. SHANOJ M P

അഫിലിയേറ്റഡ് കോളേജുകളിലെ IQAC പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാനും ഏകോപിപ്പിക്കാനുമായി യൂണിവേഴ്സിറ്റി സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സെനറ്റ് പ്രമേയം അംഗീകരിച്ചിരുന്നു. ഇതിൽ മേൽ നടപടികൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ?

ഉത്തരം – പ്രൊഫ.(ഡോ) പ്രസാദൻ പി.കെ - പ്രസ്തുത പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് തീരുമാനപ്രകാരം അഫിലിയേറ്റഡ് കോളേജുകളിലെ IQAC കളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനായി കോളേജുകളിലെ IQAC Director / Coordinator മാർ അംഗങ്ങളായും കണ്ണൂർ സർവ്വകലാശാല IQAC Director ചെയർപേഴ്സൺ ആയും ഒരു Quality Assurance Committee രൂപീകരിച്ചിട്ടുണ്ട്.

Q. No.16

Sri. SAJU P J

കണ്ണൂർ സർവ്വകലാശാല അനദ്ധ്യാപക തസ്തികയിൽ പി.എസ്.സി മുഖേനയുള്ള നിയമനത്തിന് സർക്കാർ ഉത്തരവ് മുഖേന യോഗ്യതാ മാനദണ്ഡം നിശ്ചയിക്കാൻ ശേഷിക്കുന്ന തസ്തികകൾ കണ്ടെത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത്തരം തസ്തികകൾക്ക് യോഗ്യത മാനദണ്ഡം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം - ശ്രീമതി - എൻ സുകന്യ - കണ്ണൂർ സർവ്വകലാശാലയിലെ ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസ്, സെക്യൂരിറ്റി ഗാർഡ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഡാറ്റ എൻട്രി അസിസ്റ്റന്റ്, ടെലഫോൺ സൂപ്പർവൈസർ, ഫീൽഡ് അസിസ്റ്റന്റ് (ആന്ത്രപ്പോളജി

പഠന വകുപ്പ്), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) എന്നീ ഏഴ് അനദ്ധ്യാപക വിഭാഗം തസ്തികകളിലേക്ക് പി.എസ്.സി വഴിയുള്ള നിയമനത്തിന് സർക്കാർ ഉത്തരവ് മുഖേന യോഗ്യതാ മാനദണ്ഡം നിശ്ചയിക്കപ്പെട്ടിട്ടില്ല. ഈ തസ്തികകളിൽ പി.എസ്.സി മുഖേനയുള്ള നിയമനത്തിന് യോഗ്യതാ മാനദണ്ഡം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥന 28/02/2021 ലെ അഡ്മിൻ/എഡി എ3/7953/2019 നമ്പർ കത്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

Q. No.17

Dr. ISMAYIL OLAYIKKARA

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ യു.ജി/പി.ജി റിസൾട്ട് 30% ത്തിൽ താഴെ വരുന്ന എത്ര കോളേജുകളുണ്ട്? ഈ കോളേജുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും നടപടി ക്രമങ്ങൾ സർവ്വകലാശാല നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ഉത്തരം – ഡോ. കെ.ടി. ചന്ദ്രമോഹനൻ – ബന്ധപ്പെട്ട കോളേജുകളുടെ/പ്രോഗ്രാമുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

അഫിലിയേറ്റഡ് കോളേജുകളിൽ 30% ത്തിനു താഴെ പരിക്ഷാ ഫലമുള്ള കോളേജുകളുടെ ലിസ്റ്റ്

| 2020 അഡ്മിഷൻ (2020-2022 അദ്ധ്യയന വർഷം) | | | |
|---|---|---|---|
| SI. No | Course | Name of the College | Percentage |
| 1 | M.A Economics | Peoples Co-operative Arts and Science College, Munnad | 25% |
| 2 | M.A. English | Dr. Ambedkar Arts and Science College, Periya | 11.11% |
| 3 | | Chinmaya Arts and Science College, Chala | 23.53% |
| 4 | | Devamatha Arts and Science College, Paisakari | 27.27% |
| 5 | | Don Bosco Arts and Science College, Angadikkadavu | 28.57% |
| 6 | | N.A.M College, Kallikandy | 12.5% |
| 7 | | S.E.S College Sreekandapuram | 25% |
| 8 | M.Com | Wadi Huda Institute of Research and Advanced Studies, Vilayankode | 25% |
| 9 | M.Sc.Computer Science | N.A.M. College, Kallikandy | 8.33% |
| 10 | | Peoples Co-operative Arts and Science College, Munnad | 16.67% |
| 11 | M.Sc. Mathematics | Aditya Kiran College of Applied Studies, Krishnagiri | 22.22% |
| 12 | | Mary Matha Arts and Science College, Mananthavady | 22.22% |

2019 Admission April 2022 Examination

| SI. No | Name of Course | Name of College | Percentage |
|---|---|---|---|
| 1 | FUNCTIONAL ENGLISH | Peoples Co-operative Arts and Science College, Munnad | 12.5% |
| 2 | ECONOMICS | Malabar Islamic Complex Arts and Science College, Thekkil | 0% |
| 3 | | Naher Arts and Science College, Kanhirode | 8.33% |
| 4 | | Navajyothi College, Cherupuzha | 28.57% |
| 5 | | Sir Syed Institute for Technical Studies, Taliparamba | 20.69% |
| 6 | | Sree Narayana College of Management Studies, Periya | 16.67% |
| 7 | | St. Judes Arts & Science College, Vellarikundu | 12.5% |
| 8 | ENGLISH | Mary Matha Arts and Science College, Alakode | 27.78% |
| 9 | TRAVEL AND TOURISM MANAGEMENT | MM Knowledge Arts and Science College, Thaliparamba | 25% |
| 10 | | Peoples Co-operative Arts and Science College, Munnad | 16.67% |
| 11 | ELECTRONICS | College of Applied Science, Cheemeni | 0% |
| 12 | | College of Applied Science (IHRD), Payyannur (Neruvambram) | 0% |
| 13 | | College of Applied Science, Koothuparamba | 14.29% |
| 14 | | College of Applied Science, Manjeswaram, Kumbla | 0% |
| 15 | | College of Applied Science, Pattuvam | 16.67% |
| 16 | | College of Applied Science, Pinarayi | 28.57% |
| 17 | | Govt College, Mananthavady | 26.67% |
| 18 | | Model College, Madikkai, Kasaragod | 0% |
| 19 | | Taliparamba Arts and Science College, Kanhirangad | 20.59% |

| | | | |
|---|---|---|---|
| 20 | MATHEMATICS | St. Mary's Arts & Science College, Cherupanathady | 20% |
| 21 | COMPUTER SCIENCE | College of Applied Science, Cheemeni | 20% |
| 22 | | Malabar Islamic Complex Arts and Science College, Thekkil | 25% |
| 23 | | M.E.S. College, Naravoor | 8.33% |
| 24 | | Morazha Co-op Arts and Science College, Morazha | 26.67% |
| 25 | | Sir Syed Institute for Technical Studies, Taliparamba | 23.81% |
| 26 | BUSINESS ADMINISTRATION (TTM) | Sharaf Arts and Science College, Padne | 23.08% |
| 27 | BUSINESS ADMINISTRATION | Aditya Kiran College of Applied Studies, Krishnagiri | 15.38% |
| 28 | | AMSTECK Arts and Science College, Kalliassery | 14.29% |
| 29 | | Dr. Ambedkar Arts and Science College, Periya | 23.53% |
| 30 | | Mary Matha Arts and Science College, Alakode | 10.53% |
| 31 | | M.E.S. College, Naravoor | 11.11% |
| 32 | | Morazha Co-op Arts and Science College, Morazha | 27.0% |
| 33 | | NEST Institute of Humanities and Basic Sciences, Karivellur | 8% |
| 34 | | SIBGA Institute of Advanced Studies, Irikkur | 21.05% |
| 35 | | Sree Narayana Guru College of Arts and Science, Iritty | 20.83% |
| 36 | | St. Mary's College, Bela | 21.43% |
| 37 | | Trikaripur Arts and Science College, Trikaripur | 0% |
| 38 | COMMERCE | Aditya Kiran College of Applied Studies, Krishnagiri | 19.23% |
| 39 | | College of Applied Science, Cheemeni | 25% |
| 40 | | College of Applied Science, Pattuvam | 21.43% |
| 41 | | College of Applied Science, | 25% |

| | | | |
|---|---|---|---|
| | | Pinarayi | |
| 42 | | E M S Memorial College of Applied Science, Iritty | 23.33% |
| 43 | | Khansa Women's College for Advanced Studies, Kumbla, Kasargod | 16.67% |
| 44 | | Malabar Islamic Complex Arts and Science College, Thekkil | 18.52% |
| 45 | | Mar Thoma College for the Hearing Impaired, Cherkala | 0% |
| 46 | | M.E.S. College, Naravoor | 29.55% |
| 47 | | MM Knowledge Arts and Science College, Thaliparamba | 25.71% |
| 48 | | Naher Arts and Science College, Kanhirode | 16.28% |
| 49 | | Our College of Applied Science ,Thimiri | 18.18% |
| 50 | | Peoples Co-operative Arts and Science College, Munnad | 26.62% |
| 51 | | P.K.K.M. College of Applied Science ,Mananthavady | 13.46% |
| 52 | | Sharaf Arts and Science College, Padne | 15.91% |
| 53 | | SIBGA Institute of Advanced Studies, Irikkur | 16.67% |
| 54 | | St. Mary's Arts & Science College, Cherupanathady | 23.08% |
| 55 | | St. Mary's College, Bela | 20.51% |
| 56 | | Trikaripur Arts and Science College, Trikaripur | 16.67% |

പഠന നിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് അത്തരം കോളേജുകൾക്ക് വേണ്ടി പരീക്ഷാ വിഭാഗം നടപടിക്രമങ്ങൾ ഒന്നും എടുത്തിട്ടില്ല.

8.10 വളരെ ഗൗരവമായാണ് ഈ വിഷയത്തെ കാണുന്നത്. കോളേജ് പ്രിൻസിപ്പാൾമാരുമായി ചർച്ച നടത്തി പ്രശ്നപരിഹാരം കാണാവുന്നതാണ്.

8.11 വിജയ ശതമാനം കുറഞ്ഞ കോളേജുകളിൽ 90% വും Self Financing കോളേജുകളാണെന്നും ഇത് മെച്ചപ്പെടുത്താൻ സർവ്വകലാശാലയ്ക്ക് എന്തുചെയ്യാൻ കഴിയുമെന്നും ഡോ. വിജയൻ കെ ഉപചോദ്യം ചോദിച്ചു. ഓൺ ലൈൻ പരീക്ഷകളിൽ മാൽപ്രാക്ടീസ് നടക്കാൻ സാധ്യതയുണ്ടെന്നും കോളേജുകളെ സംബന്ധിച്ചിടത്തോളം നിലനിൽപ്പിന്റെ വിഷയമാണെന്നും പറഞ്ഞു. കൃത്യമായ അദ്ധ്യാപകരോ ക്ലാസുകളോ ഇല്ല.

8.12 അഡീഷണൽ ചീഫ് സൂപ്രണ്ടുമാരെ നിയമിച്ച് സുതാര്യത ഉറപ്പുവരുത്തണം. സർവ്വകലാശാല ഇക്കാര്യത്തിൽ ശക്തമായ നടപടി എടുക്കണം. ഈ വിഷയ ത്തിൽ എന്തു നിർദ്ദേശമാണ് മുന്നോട്ട് വെക്കാനുള്ളതെന്ന് വൈസ് ചാൻസിലർ ചോദിച്ചു. നിശ്ചിത ശതമാനം വിജയം കൈവരിക്കാത്ത കോളേജുകളിലെ അത്തരം കോഴ്സുകളുടെ അംഗീകാരം റദ്ദാക്കുന്ന കാര്യം പരിഗണിക്കണം.

8.13 കോവിഡ് കാലത്ത് 1.33 പ്രകാരം റിസൽട്ട് വന്നിട്ടും ഇതാണ് സ്ഥിതി എന്നും ഈ വിഷയം പഠിക്കാൻ ഒരു സമിതിയെ നിയോഗിക്കണമെന്നും ഡോ. ആർ.കെ. ബിജു അഭിപ്രായപ്പെട്ടു. അടുത്ത സിൻഡിക്കേറ്റ് യോഗം ഈ വിഷയം ചർച്ച ചെ യ്യുമെന്ന് വൈസ് ചാൻസിലർ യോഗത്തെ അറിയിച്ചു.

## Q. No.18

**Sri. SAJU P J**

പി.എസ്.സി വഴി സർവ്വകലാശാലയിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് അവരുടെ സമീപ പ്രദേശത്തെ സർവ്വകലാശാലകളിൽ നിയമനം ലഭിക്കുന്നതി നായി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചി രുന്നു. ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നോ പി.എസ്.സി യിൽ നിന്നോ എന്തെങ്കിലും നടപടികൾ ഇതുവരെ ഉണ്ടായിട്ടുണ്ടോ?

ഉത്തരം - ഡോ. ടി.പി. അഷ്റഫ് - അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നട ത്തുമ്പോൾ ഉദ്യോഗാർത്ഥികളുടെ കയ്യിൽ നിന്ന് ഏതു സർവ്വകലാശാലയിലേ ക്കാണ് നിയമനം ആഗ്രഹിക്കുന്നതെന്ന സമ്മതപത്രം വാങ്ങി നിയമനം നടത്തണ മെന്നും അതിനു വേണ്ടി പി.എസ്.സി യുടെ നിയമാവലി ഭേദഗതി ചെയ്യണമെ ന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം 21.07.2020 ലെ സെനറ്റ് റെസൊല്യൂഷൻ 42 പ്രകാരം അംഗീകരിക്കുകയുണ്ടായി. സെനറ്റ് പ്രമേയം 21/12/2020 ലെ ഐറ്റം നമ്പർ 2020.580 പ്രകാരം സിൻഡിക്കേറ്റ് അംഗീകരിക്കുകയും തുടർന്ന് ഇതിലേക്കാ വശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥന 19/01/2021 ലെ എഡി സി/എഡി സി3/14885/2020 കത്ത് മുഖേന പി.എസ്.സി യിൽ സമർപ്പിച്ചിട്ടു മുണ്ട്. ഇതുമായി ബന്ധപ്പെട്ട സർക്കാർ/പി.എസ്.സി അറിയിപ്പുകൾ ലഭ്യമായിട്ടില്ല.

## Q. No.19

**Dr. VIJAYAN K**

21/7/2020 ന്റെ സെനറ്റിൽ പ്രമേയം 64 ആയി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഉന്നത നിലവാരം പുലർത്തുന്ന കോളേജുകളേയും, റാങ്ക് ജേതാക്കളേയും പ്രത്യേകം ചടങ്ങ് നടത്തി അനുമോദിക്കണമെന്ന് തീരുമാനിച്ചിരുന്നു. പക്ഷെ ഇതുവരെയായി യാതൊരു നടപടിയും കാണുന്നില്ല. കാരണമെന്ത്?

ഉത്തരം - ഡോ. രാഖി രാഘവൻ - ഇത്തരത്തിലുള്ള ചടങ്ങുകൾ സംഘടിപ്പിക്കു ന്നതിനായി വിദ്യാർത്ഥി ക്ഷേമവിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

8.14 സർവ്വകലാശാലയിൽ കലാകായിക മേഖലകളിൽ കൃത്യമായി അക്കാദമിക് നില വാരം പുലർത്തേണ്ടത് അനിവാര്യമാണെന്നും കലോത്സവവും സ്പോർട്സും കൃത്യമായി നടത്തുന്നുണ്ടെന്നും ഇത്തരം അനുമോദനങ്ങൾ നടത്താൻ തീരുമാന

മെടുത്ത് 2 വർഷം കഴിഞ്ഞിട്ടും പ്രാരംഭ ഘട്ടത്തിലാണെന്ന് പറയുന്നത് അനുയോജ്യമായ മറുപടി അല്ലെന്നും ഡോ. വിജയൻ കെ ഉപചോദ്യം ഉന്നയിച്ചു.

8.15 തുടർന്ന് സംസാരിച്ച വൈസ് ചാൻസിലർ ഉന്നത വിജയം കൈവരിക്കുന്ന കോളേജുകളെയും വിദ്യാർത്ഥികളെയും അനുമോദിക്കുന്ന വിഷയം അക്കാദമിക് കൗൺസിൽ മുമ്പാകെ ചർച്ച ചെയ്തതിനു ശേഷം 2022 അവസാനിക്കുന്നതിനു മുമ്പായി ചടങ്ങ് നടത്താമെന്ന് ഉറപ്പ് നൽകി. Rank Certificate/Position Certificate വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ടെന്നും കോളേജുകളെ പ്രോത്സാഹിപ്പിക്കണമെന്നും വൈസ് ചാൻസിലർ അറിയിച്ചു.

8.16 ഡോ. കെ.ടി. ചന്ദ്രമോഹനൻ, ഡോ. വിജയൻ കെ, ഡോ. സുരേഷ് കുമാർ കെ. എസ് എന്നിവർ സംസാരിച്ചു.

Q. No.20

Dr. ISMAYIL OLAYIKKARA

കണ്ണൂർ യൂണിവേഴ്സിറ്റി യു.ജി/പി.ജി വിദ്യാർത്ഥികൾക്കുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ ഈ വർഷം നടത്തുന്നുണ്ടോ? ഇല്ലെങ്കിൽ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് അവസരമൊരുക്കാനുള്ള എന്തെങ്കിലും ബദൽ സൗകര്യങ്ങൾ യൂണിവേഴ്സിറ്റി തലത്തിൽ ലഭ്യമാണോ?

ഉത്തരം - ശ്രീമതി. എം.ശ്രീലേഖ - ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2022-23 അധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ യൂ.ജി.സി. യുടെ ഡിസ്റ്റൻസ് എജ്യുക്കേഷൻ ബ്യൂറോയിൽ നിന്ന് അനുമതി ലഭിക്കുന്നില്ലെങ്കിൽ മാത്രം ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകും എന്നാണ് 09/06/2022 ലെ ബി2/177/2022/ഉ.വി.വ സർക്കുലർ വഴി സർക്കാർ അറിയിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച തുടർ സർക്കാർ നിർദ്ദേശം വരുന്നതുവരെ വിദൂര വിദ്യാഭ്യാസം/ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടുള്ളതല്ല എന്നും ടി സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ 2022-23 അധ്യയന വർഷം പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളിലേക്ക് പ്രവേശന നടപടികൾ ഇതുവരെ തുടങ്ങിയിട്ടില്ല. 2020-2021 അധ്യയന വർഷം മുതൽ കണ്ണൂർ സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസ വിഭാഗം പ്രോഗ്രാമുകൾ നടത്തുന്നില്ല.

സർക്കാർ നിർദ്ദേശം ലഭിക്കാത്തതിനാൽ, 2022-23 അധ്യയന വർഷം വിദൂര വിദ്യാഭ്യാസ/പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിന് അവസരമൊരുക്കാനുള്ള മറ്റു ബദൽ സൗകര്യങ്ങൾ കണ്ണൂർ സർവ്വകലാശാലയിൽ നിലവിൽ ലഭ്യമല്ല.

Q. No.21

Dr. SHANOJ M P

കണ്ണൂർ സർവ്വകലാശാലയുടെ നാക് അക്രഡിറ്റേഷൻ സ്കോർ മെച്ചപ്പെടുത്താനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ആലോചിച്ചിട്ടുള്ളത്?

ഉത്തരം – ഡോ. എ.അശോകൻ – NAAC Peer Team Report (2021) ലെ നിർദ്ദേശങ്ങളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ സ്കോർ മെച്ചപ്പെടുത്താൻ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

സ്കോർ കണക്കാക്കാനുള്ള ഏഴ് മാനദണ്ഡങ്ങളുമായി (Criteria) ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റികളുടെ കൺവീനർമാരിൽ നിന്ന് Peer Team Report നെ അടിസ്ഥാനപ്പെടുത്തി നിർദ്ദേശങ്ങളും ശുപാർശകളും വാങ്ങി. അവയുടെ അടിസ്ഥാനത്തിൽ സ്കോർ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഏറ്റവും ശ്രദ്ധ വേണ്ട Criterion 3 (Research Innovation and Extension) ൽ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. ഗവേഷണ മേഖലയുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ നടത്താനും Extra Mural Research Fund ലഭ്യമാക്കുക, പേറ്റന്റുകൾ നേടിയെടുക്കുക, ദേശീയ/അന്തർ ദേശീയ അംഗീകാരമുള്ള റിസർച്ച് ജേർണലുകളിൽ പ്രസിദ്ധീകരിക്കപ്പെടാൻ വേണ്ട നിലവാരമുള്ള റിസർച്ച് പേപ്പറുകൾ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങളിൽ സവിശേഷ ശ്രദ്ധ പുലർത്താൻ പഠന വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ Extension പ്രവർത്തനങ്ങളുടെ ഭാഗമായി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ എല്ലാ പഠന വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രത്യേക ശ്രദ്ധ വേണ്ട മറ്റൊരു കാര്യമായ സ്ഥിരം അദ്ധ്യാപകരുടെ കുറവ് പരിഹരിക്കാൻ സർക്കാർ ഈയിടെ അനുവദിച്ച 36 അദ്ധ്യാപക തസ്തികകളിലേക്ക് നിയമനം നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

Q. No.22

Dr. SURESH KUMAR K S

കണ്ണൂർ സർവ്വകലാശാല പരീക്ഷ നടത്തിപ്പിൽ സംഭവിക്കുന്ന പാളിച്ചകൾ പൊതുസമൂഹത്തിൽ വലിയ ചർച്ചയാവുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല പരീക്ഷാ നടത്തിപ്പ് കുറ്റമറ്റതും സുഗമമാക്കാനും എന്തൊക്കെ നടപടികളാണ് നിലവിൽ പ്രായോഗികമാക്കിയിട്ടുള്ളത്? എന്തൊക്കെ കാര്യങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്?

ഉത്തരം – പ്രൊഫ.(ഡോ.) പ്രസാദൻ പി.കെ – ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ ചോദ്യകർത്താക്കളുടെ ഭാഗത്ത് കാര്യക്ഷമതയില്ലായ്മ, പെരുമാറ്റ ദൂഷ്യം, ക്രമക്കേട്, സർവ്വകലാശാല നിർദ്ദേശങ്ങളുടെ ലംഘനം മുതലായവ കണ്ടെത്തിയാൽ സ്ഥിരമായോ നിശ്ചിത കാലത്തേക്കോ അയോഗ്യരാക്കാനോ പിഴ ചുമത്താനോ ഉള്ള അധികാരം സർവ്വകലാശാല സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ്. ഭാവിയിൽ ചോദ്യപേപ്പർ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി, 2020 പ്രവേശനം മുതൽ സർവ്വകലാശാല പഠന വകുപ്പുകളിൽ നടപ്പിലാക്കിയ ചോദ്യബാങ്ക്, ഓട്ടോമേറ്റഡ് ചോദ്യപേപ്പർ ജനറേഷൻ & ഓൺലൈൻ ട്രാൻസ്മിഷൻ സംവിധാനം കോളേജ് തലത്തിൽ കൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

8.17 സർവ്വകലാശാല പഠന വകുപ്പുകളിൽ ഇത്തരത്തിൽ നല്ല രീതിയിൽ തന്നെ പരീക്ഷകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

8.18 ചോദ്യപേപ്പറിന്റെ വിഷയം മാത്രമാണ് ഉന്നയിച്ചതെന്നും **Question Bank** വഴി പരീക്ഷ നടത്തുമ്പോൾ ഇത് മോണിറ്റർ ചെയ്യാനുള്ള എന്തെങ്കിലും സംവിധാനം ഉണ്ടോ എന്നും ഡോ. ആർ.കെ. ബിജു ഉപചോദ്യം ചോദിച്ചു.

8.19 അഫിലിയേറ്റഡ് കോളേജുകളിലെ പിജി പരീക്ഷയും B.Ed പരീക്ഷയും Online Transmission വഴി കുറ്റമറ്റരീതിയിൽ നടത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് ഡോ. പ്രസാദൻ പി.കെ ചൂണ്ടിക്കാട്ടി

Q. No.23

Dr. JAYAKRISHNAN T V

യു.ജി, പി.ജി പ്രാക്ടിക്കൽ/വൈവ വോസി പരീക്ഷകളുമായി ബന്ധപ്പെട്ട ജോലി നിർവ്വഹിച്ച അദ്ധ്യാപകർക്കുള്ള പ്രതിഫലം ഏത് കാലയളവ് വരെ അനുവദിച്ചിട്ടുണ്ട്? ഇത് സംബന്ധിച്ചിട്ടുള്ള ബില്ലുകൾ പാസ്സാക്കി റെമ്യൂണറേഷൻ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

ഉത്തരം - 24/02/2022 വരെ സെക്ഷനിൽ സ്വീകരിച്ചിട്ടുള്ള യു.ജി, പി.ജി പ്രാക്ടിക്കൽ വൈവ-വോസി പരീക്ഷകളുമായി ബന്ധപ്പെട്ട ജോലി നിർവ്വഹിച്ചിട്ടുള്ള അദ്ധ്യാപകരുടെ ബില്ലുകൾ പാസ്സാക്കി പേയ്മെന്റിനു അയച്ചിട്ടുണ്ട്. നിലവിൽ ഇ.എ.സി 1 സെക്ഷനിൽ ഡാറ്റ എൻട്രി അസിസ്റ്റന്റിന്റെ സീറ്റ് ഒഴിഞ്ഞു കിടക്കുന്നതിനാൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അസിസ്റ്റന്റിന് അധിക ചുമതല നൽകികൊണ്ട് ബാക്കി വന്ന ബില്ലുകൾ എത്രയും പെട്ടെന്ന് ഡാറ്റ എൻട്രി ചെയ്ത് തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

Q. No.24

Dr. R K BIJU

സർവ്വകലാശാലയിൽ പഠന ബോർഡുകൾ നിലവിലുണ്ടോ? ഇല്ലെങ്കിൽ എന്നു മുതലാണ് നിലവിലില്ലാത്തത്? പഠന ബോർഡുകൾ നിലവിലില്ലെങ്കിൽ അതാതു വിഷയങ്ങളിൽ പഠന ബോർഡുകളുടെ പ്രവർത്തനം ഏതുതരത്തിലാണ് നിർവഹിച്ചു വരുന്നത്?

ഉത്തരം - ഇല്ല. പഠന ബോർഡുകളുമായി ബന്ധപ്പെട്ട റിട്ട് അപ്പീൽ (WA No 1530/2021), 22/03/2022 തീയ്യതിയിൽ രണ്ടു പഠന ബോർഡുകളുടെ രൂപീകരണം അസാധുവാക്കിക്കൊണ്ടുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ വിധി വന്ന സാഹചര്യത്തിൽ മറ്റു പഠന ബോർഡുകളുടെ (എഞ്ചിനീയറിംഗ് പി ജി ഒഴികെ) പ്രവർത്തനം താൽക്കാലികമായി നിർത്തിവെക്കുകയായിരുന്നു. പഠന ബോർഡുകളുടെ അഭാവത്തിൽ, അത്യാവശ്യ ഘട്ടങ്ങളിൽ വൈസ് ചാൻസിലർ നിർദ്ദേശിക്കുന്ന വിഷയ വിദഗ്ധരുടെ നിർദ്ദേശ പ്രകാരവും, മറ്റവസരങ്ങളിൽ കണ്ണൂർ സർവ്വകലാശാല ആക്ട് 1996 അദ്ധ്യായം III, 11(1) ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രത്യേക അധികാരം ഉപയോഗിച്ച് അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളിൽ വൈസ് ചാൻസിലർ നേരിട്ടും, തീരുമാനമെടുത്തു വരുന്നുണ്ട്.

Q. No.25

Dr. JAYAKRISHNAN T V

കണ്ണൂർ സർവ്വകലാശാലയിൽ Ph.D പ്രവേശനത്തിനായി 2021 സെപ്തംബർ മാസമാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. വർഷത്തിൽ രണ്ട് തവണ Ph.D പ്രവേശനത്തിനായി അപേക്ഷകൾ ക്ഷണിക്കുമെന്ന മുൻ തീരുമാനം ഉണ്ടായിരുന്നിട്ടും ഇതു

വരെയും നടപ്പിലായിട്ടില്ല. ഒട്ടേറെ വിദ്യാർത്ഥികൾ യു.ജി.സി – ജെ.ആർ.എഫ് പരീക്ഷ പാസ്സായി പ്രവേശനത്തിനായി കാത്തിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. Ph.D പ്രവേശനത്തിനുള്ള പുതിയ അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം എപ്പോഴാണ് പുറപ്പെടുവിക്കുക?

<u>ഉത്തരം</u> - പി.എച്ച്.ഡി റെഗുലേഷൻ 2018 ന്റെ 29/12/2021 തീയ്യതിയിലെ ഭേദഗതി പ്രകാരം ജെ.ആർ.എഫ്. നേടിയ വിദ്യാർത്ഥികൾക്ക് ഏതു സമയത്തും പ്രസ്തുത വിഷയങ്ങളിലെ സൂപ്പർവൈസർമാരുടെ കീഴിൽ ഒഴിവുകൾ ഉണ്ടെങ്കിൽ ഡിപ്പാർട്ട്മെന്റ് റിസർച്ച് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പ്രവേശനം നേടാവുന്നതാണ്. നിലവിൽ, വിദ്യാർത്ഥികൾ ഇത്തരത്തിൽ പ്രവേശനം നേടിവരുന്നുണ്ട്.

പി.എച്ച്.ഡി. റെഗുലേഷൻ - 2018 ന്റെ 20/07/2022 തീയ്യതിയിലെ ഭേദഗതി പ്രകാരം, പി.എച്ച്.ഡി പ്രവേശനത്തിനായുള്ള ചോദ്യപേപ്പർ ഘടനയിൽ മാറ്റം വരുത്തുകയും, അതുപ്രകാരം ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായുള്ള അനൗദ്യോഗിക കുറിപ്പ് നൽകുന്നതിനായി സമർപ്പിച്ച ഫയൽ വൈസ് ചാൻസിലറുടെ പരിഗണനയിലാണ്. കൂടാതെ പ്രവേശനത്തിനായി യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് അനുസൃതമായി ഗവേഷണ സൂപ്പർവൈസർമാർ ഇല്ലാത്തതിനാൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡി പ്രോഗ്രാമിന് (2021-2022) പ്രവേശനം നേടാൻ കഴിഞ്ഞിട്ടില്ല. സർവ്വകലാശാലയുടെ കീഴിൽ പുതിയ ഗൈഡ്ഷിപ്പ് അനുവദിക്കുന്നതിനായി 15/05/2022 തീയ്യതിയിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും, ഗൈഡ്ഷിപ്പ് അനുവദിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഈ വിഷയങ്ങളിലുള്ള തീരുമാനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്, ഉടൻതന്നെ പി.എച്ച്.ഡി പ്രവേശനത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## Q. No.26

## <u>Sri. SARANG</u>

വിദ്യാർത്ഥികളുടെ യൂണിയൻ ഫണ്ടുകൾ സംബന്ധിച്ച്.

അഫിലിയേറ്റഡ് കോളേജുകളിലെ 2021-22 വർഷത്തെ വിദ്യാർത്ഥി യൂണിയനുകളുടെ യൂണിയൻ-മാഗസിൻ ഫണ്ടുകളുടെ കാലാവധി സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ അവസാനിച്ചോ? അവസാനിച്ചെങ്കിൽ മറ്റ് ചില കോളേജുകളിൽ മാഗസിൻ ഫണ്ടുകൾ അനുവദിച്ചിട്ടുള്ളത് എങ്ങിനെയാണ്? കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്ക് നീക്കി വച്ചിരിക്കുന്ന തുക വക മാറ്റി ചിലവഴിക്കാൻ പ്രിൻസിപ്പാളിന് അധികാരമുണ്ടോ?

<u>ഉത്തരം</u> - നിലവിൽ കണ്ണൂർ സർവ്വകലാശാല, അഫിലിയേറ്റഡ് കോളേജുകൾ/യൂണിവേഴ്സിറ്റി ക്യാമ്പസ് സ്റ്റുഡന്റ്സ് യൂണിയന്റെ ബൈലോയിലെ ഖണ്ഡിക 3 പ്രകാരം, കോളേജ് യൂണിയൻ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത് അതത് കോളേജുകളിലെ/ക്യാമ്പസുകളിലെ യൂണിയന്റെ എക്സ് ഒഫീഷ്യോ പ്രസിഡന്റ് ആയ പ്രിൻസിപ്പാൾ/ക്യാമ്പസ് ഡയറക്ടർ ആണ്. ആയതിനാൽ പ്രസ്തുത ഫണ്ടിന്റെ പൂർണ്ണ ഉത്തരവാദിത്വം പ്രിൻസിപ്പാൾ/ക്യാമ്പസ് ഡയറക്ടർമാർക്കാണ്. പ്രസ്തുത ബൈലോയിലെ ഖണ്ഡിക 5 പ്രകാരം കോളേജ്/ക്യാമ്പസ് യൂണിയന്റെ കാലാവധി അതാത് അദ്ധ്യയന വർഷം അവസാനിക്കുന്നത് വരേയോ തുടർവർഷത്തെ യൂണിയൻ ചുമതലയേൽക്കുന്നതുവരേയോ ആണ്.

Q. No.27

<u>Dr. JAYAKRISHNAN T V</u>

പരീക്ഷാ മൂല്യ നിർണ്ണയ ക്യാമ്പ് നടക്കുന്ന താവക്കര ക്യാമ്പസിലെ ലൈബ്രറി കെട്ടിടത്തിൽ ജോലിക്ക് ഹാജരാകുന്ന ഭിന്നശേഷിക്കാരായ അദ്ധ്യാപകർക്ക് മുകളിലത്തെ നിലയിലേക്ക് എത്തിപ്പെടുന്നതിന് വലിയ രീതിയിലുള്ള പ്രയാസം നേരിടുന്നുണ്ട്. ഈ വിവരം സർവ്വകലാശാലയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ലൈബ്രറി കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടോ?

<u>ഉത്തരം</u> - ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെൻട്രൽ ലൈബ്രറി കെട്ടിടത്തിൽ നിലവിൽ നാലു ലിഫ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സർവ്വകലാശാലയിലേക്ക് പ്രവേശിക്കുന്ന പബ്ലിക്ക് റോഡിന് വീതി കുറവാണ് എന്നിവയുൾപ്പെടെയുള്ള കാരണങ്ങളാൽ ലൈബ്രറി കെട്ടിടത്തിന് ഇതുവരെ മുഴുവനായും ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ ലിഫ്റ്റ് പൂർണമായും പ്രവർത്തന സജ്ജമാക്കാൻ സാധിക്കുകയുള്ളൂ.

## II. Business brought forward by the Members of the Syndicate and the Vice-Chancellor.

8.20 ചോദ്യോത്തര വേള കഴിഞ്ഞ ഉടനെ മുൻ പ്രൊ.വൈസ് ചാൻസിലർ ഡോ.അലക്സാണ്ടർ കാരക്കലിന്റെ നിര്യാണത്തിൽ സഭ അനുശോചിച്ചു. ഡോ. ടി.പി അഷ്റഫ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

8.21 കണ്ണൂർ സർവ്വകലാശാലയിലെ ആദ്യ പ്രോ. വൈസ് ചാൻസിലറായിരുന്ന ഡോ. അലക്സാണ്ടർ കാരക്കൽ സപ്തംബർ 11 നിര്യാതനായ വിവരം നമ്മളെല്ലാം അറിഞ്ഞതാണല്ലോ. 01/02/1996 മുതൽ 31/05/2000 വരെയാണ് അദ്ദേഹം പ്രോ. വൈസ് ചാൻസിലർ ആയി കണ്ണൂർ സർവ്വകലാശാലയിൽ സേവനമനുഷ്ഠിച്ചത്. 01/01/2000 മുതൽ 14/05/2000 വരെ അദ്ദേഹം വൈസ് ചാൻസിലറുടെ ചുമതല കൂടി വഹിച്ചിരുന്നു. ഡോ. അലക്സാണ്ടർ കാരക്കലിന്റെ വിയോഗത്തിൽ ഈ സെനറ്റ് യോഗം അഗാധമായ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

8.22 പ്രമേയത്തെ ഡോ. ആർ.കെ. ബിജു പിന്താങ്ങി. സെനറ്റ് പ്രമേയം അംഗീകരിച്ചു.

<u>ഔദ്യോഗിക പ്രമേയം</u>

8.23 ശ്രീ. പ്രമോദ് കുമാർ കെ.വി ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചു.

8.24 പഠന ബോർഡുകളെ അടിയന്തിരമായി നോമിനേറ്റ് ചെയ്യുക.

സർവ്വകലാശാലയുടെ അക്കാദമിക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ നിർണായകമായ സ്ഥാനമാണ് പഠന ബോർഡുകൾക്കുള്ളത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് മികച്ച അദ്ധ്യാപകരെയും വിഷയ വിദഗ്ദ്ധരെയും ഉൾപപെടുത്തി, 72 പഠന ബോർഡുകൾ പുന:സംഘടിപ്പിക്കപ്പെട്ടത്. പക്ഷെ ദൗർഭാഗ്യമെന്നു പറയട്ടെ, ചിലയാളുകളും ചില സംഘടനകളും പലവിധ വ്യവഹാരങ്ങളിലൂടെ ബോർഡിനെ അസ്ഥിരപ്പെടുത്തുവാനാണ് ശ്രമിച്ചത്. ചാൻസിലറുടെ അനുമതിക്കായി വീണ്ടും സമർപ്പിക്കപ്പെട്ടെങ്കിലും ഇതുവരെയും അനുകൂലമായ സമീപനം ഉണ്ടായിട്ടില്ല. ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം സിലബസ് പരിഷ്കരണം ബോർഡുകളുടെ അഭാവത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ

രംഗം സമഗ്രമായി പരിഷ്കരിക്കപ്പെടുന്ന ഈ സന്ദർഭത്തിൽ, പഠന ബോർഡുകളെ എത്രയും വേഗം നോമിനേറ്റ് ചെയ്തു തരണമെന്ന് ബഹമാനപ്പെട്ട ചാൻസിലറോട് ഈ സെനറ്റ് യോഗം അഭ്യർത്ഥിക്കുന്നു.

8.25 ശ്രീ. സാജു പി.ജെ പ്രമേയത്തെ പിന്തുണച്ചു.

8.26 ഡോ. ആർ.കെ. ബിജു പ്രമേയത്തെ എതിർത്തു സംസാരിച്ചു. യഥാർത്ഥ വിഷയം മറച്ചുവെച്ചു കൊണ്ടാണ് പ്രമേയം കൊണ്ടു വന്നതെന്നും പഠന ബോർഡുകൾ കാലാനുസൃതമായി നോമിനേറ്റ് ചെയ്യേണ്ടത് ബഹു. ചാൻസിലറാണെന്നും ഇത് കാറ്റിൽ പറത്തിയാണ് സിൻഡിക്കേറ്റ് തന്നെ പഠന ബോർഡുകൾ നോമിനേറ്റ് ചെയ്യുകയും ഹൈക്കോടതി തന്നെ അത് ശരിയല്ലെന്ന് പറഞ്ഞിട്ടുണ്ട്. സിൻഡിക്കേറ്റംഗം പറഞ്ഞ കാര്യം പ്രസക്തമാന്നും പഠന ബോർഡുകൾ ഇല്ലാതിരിക്കുന്നത് സർവ്വകലാശാലയെ ബുദ്ധിമുട്ടിലാക്കുന്നുണ്ടെന്നതും ശരിയാണ്. പല വിധ വ്യക്തികൾ പല വിധ വ്യവഹാരത്തിലൂടെ എന്ന വരി ഒഴിവാക്കി സെനറ്റ് ഐകകണ്ഠമായി ഈ പ്രമേയം അംഗീകരിക്കുന്നതാണ്.

8.27 തുടർന്ന് സംസാരിച്ച ശ്രീ. പ്രമോദ് കുമാർ കെ.വി കോടതി കേസ് സ്വമേധയാ എടുത്തതല്ലെന്നും സെനറ്റ്, അക്കാദമിക് കൗൺസിൽ അംഗങ്ങൾ നൽകിയതാണെന്നും സിംഗിൾ ബഞ്ച് അനുകൂലിച്ചിട്ടുണ്ടന്നും വ്യവഹാരത്തിലേക്ക് വലിച്ചിഴക്കപ്പെടുകയായിരുന്നെന്നും പറഞ്ഞു.

8.28 ഈ സാഹചര്യം മറച്ചുവെച്ചുകൊണ്ട് വ്യക്തികൾ പലവിധ വ്യവഹാരത്തിലൂടെ എന്ന് പറയുന്ന വാചകം ഒഴിവാക്കിക്കൊണ്ട് പ്രമേയം അംഗീകരിക്കണം. കോടതി പോലും അംഗീകരിച്ച വിഷയത്തിൽ ഇത്തരമൊരു വാചകം പ്രമേയത്തിൽ ചേർത്തത് അനുചിതമാണ്.

8.29 സിംഗിൾ ബഞ്ചിൽ നിന്നും അനുകൂല വിധിയും ഡിവിഷൻ ബഞ്ചിൽ നിന്നും എതിരായ വിധി വന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ബഹു. ചാൻസിലറെ അറിയിച്ചത്. എന്നിട്ടും തീരുമാനമായില്ല. പ്രമേയത്തിൽ അപാകതകൾ ഉണ്ടെന്ന് തോന്നുന്നില്ല.

8.30 നിയമനങ്ങളിൽ പാളിച്ച സംഭവിക്കുമ്പോൾ വ്യവഹാരത്തിലേക്ക് പോകേണ്ടി വരുമെന്ന് ഡോ. ആർ.കെ. ബിജു. പറഞ്ഞു.

8.31 സിൻഡിക്കേറ്റ് അംഗീകരിച്ചതിനു ശേഷം ബഹു. ചാൻസിലർക്ക് അയച്ചുകൊടുക്കുന്ന രീതി നേരത്തെ ഉണ്ട്. കീഴ്വഴക്കം ലംഘിച്ചിട്ടില്ലെന്നും ഡോ.വിജയൻ കെ പറഞ്ഞു.

8.32 സർവ്വകലാശാലകളിൽ പഠന ബോർഡുകൾ വളരെ അത്യാവശ്യമാണെന്നും അക്കാദമിക് രംഗത്തെ പ്രഗത്ഭരായ അദ്ധ്യാപകരെ രാഷ്ട്രീയ കാരണത്താൽ ഒഴിവാക്കുകയും ജൂനിയറായിട്ടുള്ള സെൽഫ് ഫിനാൻസിംഗ് കോളേജിലെ അദ്ധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് പുന:സംഘടിപ്പിക്കുകയും ചെയ്തു. ഇതിനെതിരെ വ്യവഹാരം സ്വാഭാവികമാണ് എന്ന് ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു.

8.33 പ്രമേയം നേരത്തെ സൂചിപ്പിച്ചതു പോലെ ഭേദഗതി ചെയ്യണമെന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത് അഭിപ്രായപ്പെട്ടു. യഥാർത്ഥ കാരണം മറച്ചുവെച്ചാണ് പ്രമേയം കൊണ്ടുവന്നതെന്നും നേരത്തെ നിർദ്ദേശിച്ച ഭേദഗതിയോടെ പ്രമേയം അംഗീകരിക്കണമെന്നും ശ്രീ. ഷാനവാസ് എസ്.എം അഭിപ്രായപ്പെട്ടു.

8.34 പഠന ബോർഡ് രൂപീകരിക്കാൻ വൈകിയത് വ്യവഹാരം കൊണ്ടാണെന്ന വാദം ശരിയല്ല. ഇതിനിടയിൽ ശ്രീ. സതീശൻ പി.കെ സംസാരിക്കാൻ ശ്രമിച്ചെങ്കിലും സാങ്കേതിക തകരാർ കാരണം ഒന്നും കേൾക്കാനായില്ല.

8.35 ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരണവുമായി ബന്ധപ്പെട്ട് രണ്ടു വർഷമായി എക്സ്പേർട്ടായിട്ടുള്ളവരെ തന്നെയാണ് അംഗങ്ങളാക്കിയത്. കോടതി നടപടി ക്രമത്തിൽ വന്നിട്ടുള്ള അപാകതകളാണ് സൂചിപ്പിച്ചിട്ടുള്ളത്. അംഗങ്ങളുടെ യോഗ്യതയെ കുറിച്ച് കോടതി ഒരു പരാമർശവും നടത്തിയിട്ടില്ല. വ്യവഹാരം കാരണമാണ് വൈകിയതെന്നും പ്രമേയത്തിൽ അപാകതയില്ലെന്നും ഡോ. കെ.ടി. ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു.

8.36 പ്രമേയം പാസ്സാക്കണമെന്ന് ഡോ. പ്രസാദൻ പി.കെ പറഞ്ഞു. നിർദ്ദേശിച്ച ഭേദഗതി വരുത്തി പ്രമേയം ഏകകണ്ഠമായി പാസ്സാക്കാമെന്നും മാറ്റം വരുത്തിയില്ലെങ്കിൽ പ്രമേയത്തെ എതിർക്കുമെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു.

8.37 പ്രമേയം അവതരിപ്പിച്ച രീതിയിൽ തന്നെ പാസ്സാക്കണമെന്നും വ്യവഹാരം കാരണമാണ് ബോർഡ് രൂപീകരണം വൈകിയതെന്നും ഡോ. ആർ.കെ. ബിജു പറയുന്നത് കുറ്റബോധം കൊണ്ടാണെന്നും ശ്രീമതി എൻ. സുകന്യ അഭിപ്രായപ്പെട്ടു.

8.38 വ്യവഹാരം നിലനിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണെന്നും അത് പ്രമേയത്തിൽ നിന്ന് മാറ്റിയത് കൊണ്ട് കാര്യമില്ലെന്നും ഡോ. ടി.പി. അഷ്റഫ് അഭിപ്രായപ്പെട്ടു. രാഷ്ട്രീയം നോക്കി കാര്യങ്ങൾ തീരുമാനിക്കുന്ന രീതി നിലവില്ലെന്നും അത് നേരത്തെ ഉണ്ടായിരുന്നെന്നും പറഞ്ഞു.

8.39 ഭൂരിപക്ഷം ഉള്ളതിനാൽ പ്രമേയം പാസ്സാക്കുന്നതിൽ യാതൊരു കുഴപ്പവുമില്ലെന്ന് ഡോ.ആർ.കെ. ബിജു പറഞ്ഞു.

8.40 തുടർന്ന് പ്രമേയം പാസ്സാക്കി.

<u>അടിയന്തിര പ്രമേയം</u>

8.41 ഡോ. ഇസ്മായിൽ ഓലായിക്കര അടിയന്തിര പ്രമേയം അവതരിപ്പിച്ചു.

8.42 സർവ്വകലാശാലയുടെ അക്കാദമിക മികവ് ശക്തിപ്പെടുത്തുക

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മുന്നേറ്റങ്ങൾ ലക്ഷ്യമാക്കി സർക്കാരും സർവ്വകലാശാലകളും അതിവേഗം മുന്നോട്ടു പോവുകയാണ്. അക്കാദമിക രംഗങ്ങളിലെ സാധ്യതകളും വൈജ്ഞാനിക രംഗങ്ങളിലെ നൂതനത്വങ്ങളും സമൂഹ ശ്രദ്ധയിലേക്കു കൊണ്ടുവരുന്നതിനു പകരം ഉത്തരവാദിത്വമുള്ള സ്ഥാനത്തിരിക്കുന്നവർ പിന്തിരിപ്പൻ ചിന്താഗതിക്കാരുടെയും മാധ്യമ ചർച്ചകളുടെയും പിന്നാലെ പോകുന്നത് നിർഭാഗ്യപരമാണ്. ഈ വഴിയിൽ സഞ്ചരിച്ചു കൊണ്ട് സർവ്വകലാശാലയെയും വൈസ് ചാൻസിലറെയും കുറിച്ച് തുടരെത്തുടരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തുന്നവർ അത്തരം നിലപാടിൽ നിന്ന് അടിയന്തിരമായി പിന്മാറണമെന്ന് സെനറ്റ് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. സർവ്വകലാശാലയുടെ അക്കാദമിക് മികവ് ഒരു നാടിന്റെ തന്നെ മുന്നേറ്റമാണ്. അതുകൊണ്ട് തന്നെ സർവ്വകലാശാലയുടെ അക്കാദമിക മികവ് വർധിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ ശക്തിപ്പെടുത്തി മുന്നോട്ടു പോകുവാൻ എല്ലാവരും ഒന്നിച്ചു നിൽക്കണമെന്ന് ആ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.43 പൗരത്വ ഭേദഗതിയുമായി ബന്ധപ്പെട്ട് സെനറ്റ് നേരത്തെ ഒറ്റക്കെട്ടായി പ്രമേയം പാസ്സാക്കിയിരുന്നുവെന്ന് ഡോ.ആർ.കെ. ബിജു പറഞ്ഞു. പ്രമേയത്തിലെ ചില വാക്കുകളോട് യോജിപ്പില്ലെന്നും സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമാണെന്നും എന്താണ് അക്കാദമിക വിഷയമെന്ന് പ്രമേയാവതാരകൻ വ്യക്തമാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രമേയം അവ്യക്തമാണ്.

8.44 പ്രമേയത്തിൽ ഉപയോഗിച്ച വാക്കുകളിൽ തെറ്റില്ലെന്ന് ഡോ. സുരേഷ് കുമാർ കെ.എസ്സും ശ്രീ. സാജു പി.ജെ യും ശ്രീമതി സോന പി യും അഭിപ്രായപ്പെട്ടു. പ്രമേയം കുറ്റപ്പെടുത്തുന്ന രീതിയാലാണെന്നും അത് ശരിയല്ലെന്നും ഡോ. ആർ.കെ. ബിജു പറഞ്ഞു. പ്രമേയത്തിൽ defamating ആയി ഒന്നുമില്ലെന്നും ചർച്ചയ്ക്ക് ശേഷം പ്രമേയം പാസ്സാക്കാമെന്നും വൈസ് ചാൻസിലർ അറിയിച്ചു.

8.45 തുടർന്ന് ഡോ. ആർ.കെ. ബിജു ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ചർച്ച ചെയ്യണമെന്ന അടിയന്തിര പ്രമേയം അവതരിപ്പിച്ചു. പ്രമേയത്തെ അംഗീകരിക്കുന്നുവെന്നും പക്ഷെ ഇത്തരം പ്രമേയം കൊണ്ടുവരുമ്പോൾ 20 ആംഗങ്ങളുടെ പിന്തുണ ഉണ്ടെന്ന് വൈസ് ചാൻസിലർ ഉറപ്പുവരുത്തണമെന്നും ഡോ. ടി.പി. അഷ്റഫ് പറഞ്ഞു.

8.46 തുടർന്ന് സംസാരിച്ച ഡോ. വിജയൻ കെ 20 അംഗങ്ങളുടെ പിന്തുണയില്ലെങ്കിൽ ഈ പ്രമേയം അംഗീകരിക്കാനാകില്ലെന്ന് അറിയിച്ചു. ഡോ. ആർ.കെ. ബിജുവിന്റെ പ്രമേയം അംഗീകരിക്കാൻ 20 അംഗങ്ങളുടെ പിന്തുണ വേണമെന്നും ഇല്ലെങ്കിൽ ചട്ടവിരുദ്ധമാണെന്നും ശ്രീ. സാജു പി.ജെ പറഞ്ഞു.

8.47 പ്രമേയത്തോട് ആർക്കെങ്കിലും എതിർപ്പുണ്ടോ എന്ന് ചോദിച്ചാൽ മതിയെന്ന് ശ്രീ. ഷാനവാസ് എസ്.എം പറഞ്ഞു. അടിയന്തിര പ്രമേയങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കാതെ യോഗം മുന്നോട്ട് പോകരുതെന്ന് ഡോ. ആർ.കെ. ബിജു പറഞ്ഞു.

8.48 തുടർന്ന് സംസാരിച്ച വൈസ് ചാൻസിലർ സ്റ്റാറ്റ്യൂട്ട് ഉദ്ധരിച്ചുകൊണ്ട് അക്കാദമിക് പ്രാധാന്യമുള്ള ഒരു പ്രമേയം മാത്രമേ ഒരു യോഗത്തിൽ പരിഗണിക്കാൻ കഴിയൂ എന്നും അതിന് 20 അംഗങ്ങളുടെ പിന്തുണ വേണമെന്നും വ്യക്തമാക്കി.

8.49 ഡോ. ഇസ്മായിൽ ഓലായിക്കരയുടെ പ്രമേയം സ്റ്റാറ്റ്യൂട്ട് 7.3 അനുസരിച്ച് ചെയർ തന്നെ തള്ളേണ്ടിയിരുന്നുവെന്ന് ഡോ. ആർ.കെ. ബിജു പറഞ്ഞു. ചെയർ അനുവദിച്ചതിനാലാണ് പ്രമേയം അവതരിപ്പിച്ചത്.

8.50 ഡോ. ഇസ്മായിൽ ഓലായിക്കരയുടെ പ്രമേയത്തെ അനുകൂലിച്ചും പ്രതികൂലിച്ചും വാദങ്ങൾ ഉണ്ടായി. തുടർന്ന് ഡോ. ഇസ്മായിൽ ഓലായിക്കര അവതരിപ്പിച്ച അടിയന്തിര പ്രമേയം വോട്ടിനിട്ട് പാസ്സാക്കി.

8.51 ഡോ. ആർ.കെ. ബിജു അവതരിപ്പിച്ച പ്രമേയം സർക്കാരിന്റെ പോളിസി തന്നെയാണെന്നും ഇത് പിന്നീട് ചർച്ചചെയ്യാമെന്നും ഈ പ്രമേയം പിൻവലിക്കണമെന്നും ചെയർ അറിയിച്ചു.

## III. **Business brought forward by the members of the Senate.**

Resolution No.1

<u>Sri. SATHEESHAN P K</u> moved the resolution

സർക്കാരിലേക്കും സർവ്വകലാശാലയിലേക്കും വിദ്യാർത്ഥികൾ അടയ്ക്കേണ്ട ഫീസുകൾ ജൂലായ് 1 മുതൽ E-Treasury മുഖാന്തിരമായിരിക്കുകയാണ്. ഇ-

പോസ് മിഷ്യൻ വഴി കലക്ട് ചെയ്ത് കൊണ്ട് വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കാവുന്നതാണ്. ഇത് സംബന്ധിച്ച് ജീവനക്കാർക്ക് വ്യക്തമായ ക്ലാസ് യൂണിവേഴ്സിറ്റി തലത്തിൽ നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.52 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

8.53 പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No.2

Dr. ISMAYIL OLAYIKKARA moved the resolution

അഫിലിയേറ്റ് കോളേജുകളിൽ നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് AQAR സമർപ്പിക്കുമ്പോൾ NEP യുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകേണ്ടതുണ്ട്. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കാനുള്ള ഈ ഗൂഢനീക്കം സർവ്വകലാശാലകളുടെയും സംസ്ഥാന സർക്കാരിന്റെയും അധികാരാവകാശങ്ങൾക്ക് മേലുള്ള കടന്നുകയറ്റമാണ്. ഗൂഢനീക്കങ്ങളിലൂടെ NEP നടപ്പിലാക്കുന്ന ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് പിൻമാറണമെന്ന് കേന്ദ്ര സർക്കാരിനോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.54 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

8.55 പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No.3

Smt. SONA P moved the resolution

വ്യത്യസ്ത വിഷയങ്ങളുടെ ക്വസ്റ്റ്യൻ ബാങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഓരോ വിഷയവും പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകരെയും ഉൾപ്പെടുത്തി വിഷയാടിസ്ഥാനത്തിൽ പരിശീലന ക്ലാസ്സുകൾ നൽകാനും ശില്പശാലകൾ സംഘടിപ്പിക്കാനും വിപുലമായ സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ ഈ പ്രവർത്തനം വിജയിക്കുകയുള്ളൂ. എല്ലാ അദ്ധ്യാപകരുടെയും സേവനങ്ങൾ പ്രയോജനപ്പെടുത്തി ക്വസ്റ്റ്യൻ ബാങ്ക് കാര്യക്ഷമമായി പ്രാവർത്തികമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സർവ്വകലാശാലയോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.56 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

8.57 സർവ്വകലാശാല നേരത്തെ വർക്ക് ഷോപ്പ് നടത്തിയിട്ടുണ്ടെന്ന് വൈസ് ചാൻസിലർ യോഗത്തെ അറിയിച്ചു. എന്നാൽ എല്ലാ അധ്യാപകരേയും ഉൾപ്പെടുത്തിയിട്ടുള്ള വർക്ക് ഷോപ്പ് നടത്തിയിട്ടില്ല. മിമ്പ് സിലബസ് തീരുമാനിക്കുന്നതിന് മുമ്പ് വർക്ക് ഷോപ്പുകൾ നടത്തിയിരുന്നെന്നും അത് വളരെ ഗുണപ്രദമായിരുന്നുവെന്നും ശ്രീമതി. സോന പി പറഞ്ഞു.

8.58 അദ്ധ്യാപകർക്ക് ചോദ്യപേപ്പർ എങ്ങനെയാണ് തയ്യാറാക്കേണ്ടത് എന്നതിൽ ആശങ്കയുണ്ട്. പല വിഷയങ്ങളിലും പ്രചരിക്കുന്ന ഗൂഗിൾ ഫോമിൽ ഏതുതരത്തിലുള്ള ചോദ്യങ്ങളാണ് തയ്യാറാക്കേണ്ടത് എന്നതിന് വ്യക്തതയില്ല. ഇത്തരം വർക്ക് ഷോപ്പുകൾ എല്ലാ അദ്ധ്യാപകർക്കും നൽകണമെന്നും അത് സർവ്വകലാശാ

ലയ്ക്ക് ഗുണകരമാണെന്നും പ്രമേയത്തെ പിന്തുണയ്ക്കുന്നവെന്നും ഡോ. ആർ. കെ. ബിജു പറഞ്ഞു.

8.59 സർവ്വകലാശാല പഠന വകുപ്പുകളിൽ നടപ്പിലാക്കിയ ഈ സമ്പ്രദായം അഫിലിയേറ്റഡ് കോളേജുകളിലും നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് Qusetion Data Bank തയ്യാറാക്കുന്നത് ആരംഭിച്ചത്. അംഗങ്ങൾ പറഞ്ഞതുപോലെ വകുപ്പധ്യക്ഷന്മാരുടേയും വിദഗ്ദരുടേയും ശില്പശാല മൂന്ന് നാല് ദിവസം നടന്നിരുന്നുവെങ്കിലും മതിയായ പ്രാതിനിധ്യം ഉണ്ടായില്ല.

8.60 ഇതുമായി ബന്ധപ്പെട്ട് 40 ഓളം വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു. 30 വിഷയങ്ങളുടെ Question Bank 90% ജോലിയും പൂർത്തിയായിരിക്കുകയാണ്.ഒരു ദിവസത്തെ ശില്പശാല സർവ്വകലാശാല ആസ്ഥാനത്ത് നടത്താൻ ഉദ്ദേശിച്ചിരിക്കുകയാണ്. ആ ശില്പശാലയിൽ എല്ലാ സംശയനിവാരണങ്ങളും നടത്തുന്നതാണെന്ന് പ്രോ. വൈസ് ചാൻസിലർ അറിയിച്ചു.

8.61 എല്ലാവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചും പരിഗണിച്ചും മാത്രമേ മുന്നോട്ട് പോവുകയുള്ളൂവെന്ന് പ്രോ. വൈസ് ചാൻസിലർ വ്യക്തമാക്കി. ഇത് സ്വാഗതം ചെയ്ത ഡോ. ആർ.കെ. ബിജു പല അദ്ധ്യാപകരേയും ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും ചിലരെ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ഏത് മാനദണ്ഡ പ്രകാരമാണെന്നും ചോദിച്ചു.

8.62 വിഷയത്തിലുള്ള വൈദഗ്ധ്യം മാത്രമാണ് മാനദണ്ഡമെന്നും മറ്റു പരിഗണനകൾ ഒന്നും ഉണ്ടായില്ലെന്നും പ്രോ. വൈസ് ചാൻസിലർ വ്യക്തമാക്കി.

8.63 പ്രമേയം സെനറ്റ് അംഗീകരിച്ചു.

Resolution No.4

Dr. R.K BIJU moved the resolution

സർവ്വകലാശാല പരിക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായ വിഷയങ്ങൾ (ചോദ്യപേപ്പർ ആവർത്തനം ഉൾപ്പെടെ) സർവ്വകലാശാലയ്ക്ക് വലിയ കളങ്കമുണ്ടാക്കി എന്നതിൽ സംശയമില്ല. ആയതിനാൽ ഇനിയും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും, ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടുകൾ സെനറ്റ് അംഗങ്ങൾക്ക് ലഭ്യമാക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.64 ശ്രീ. സതീഷൻ പി.കെ പ്രമേയത്തെ പിന്താങ്ങി.

8.65 കോവിഡ് സാഹചര്യത്തെ തുടർന്ന് രണ്ടു വർഷത്തെ നൂറ്കണക്കിന് പരീക്ഷകൾ എല്ലാവരുടെയും സഹകരണത്തോടെയാണ് നടത്തിയത്. ഇത്തരം ഘട്ടത്തിൽ സംഭവിക്കാവുന്ന പ്രശ്നങ്ങൾ പർവ്വതീകരിക്കുന്നത് ശരിയല്ല. ഈ വിഷട്ടിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണെന്ന് ഡോ. കെ.ടി. ചന്ദ്രമോഹനൻ അഭിപ്രായപ്പെട്ടു.

8.66 തുടർന്ന് സംസാരിച്ച വൈസ് ചാൻസിലർ പ്രമേയം തള്ളുകയാണെന്ന് അറിയിച്ചു.

Resolution No.5

Dr. MANJULA K.V moved the resolution

2022 മാർച്ചിൽ ആരംഭിച്ച പി.എച്ച്.ഡി കോഴ്സ് വർക്കിൽ നിന്നും എം.ഫിൽ യോഗ്യതയുള്ളവരെ ഒഴിവാക്കിയിരുന്നു. എന്നാൽ കോഴ്സ് വർക്കിന്റെ പരീക്ഷയടുത്തിരിക്കുന്ന സാഹചര്യത്തിൽ പരീക്ഷയുടെ മൂന്നാം പേപ്പർ എംഫിൽ യോഗ്യതയുള്ളവരും എഴുതണമെന്ന് സർവ്വകലാശാല നിഷ്കർഷിക്കുന്നു. കോഴ്സ് വർക്ക് തീരാറായ സാഹചര്യത്തിൽ എംഫിൽ യോഗ്യതയുള്ളവരെ ഈ പരീക്ഷയിൽ നിന്ന് ഒഴിവാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.67 ഡോ വിജയൻ കെ പ്രമേയത്തെ പിന്താങ്ങി.

8.68 മാർച്ചിൽ കോഴ്സ് വർക്ക് തുടങ്ങിയവരോട് 30/06/2022 അടിസ്ഥാനത്തിൽ പരീക്ഷ എഴുതാൻ പറയുന്നത് അനൗചിത്യമാണെന്ന് ഡോ. ആർ.കെ. ബിജു പറഞ്ഞു. ഇക്കാര്യം പരിശോധിക്കാമെന്ന് വൈസ് ചാൻസിലർ പറഞ്ഞു.

8.69 കേരളത്തിലെ സർവ്വകലാശാലകളിൽ കോഴ്സ് വർക്കിന് യൂണിഫേമിറ്റി ഇല്ല എന്ന് ഡോ. വിജയൻ കെ പറഞ്ഞു. അതിനാൽ കണ്ണൂർ സർവ്വകലാശാല ഈ വിഷയം പരിശോധിക്കണം.

8.70 കണ്ണൂർ സർവ്വകലാശാലയിൽ 2 spell ലായി course work പൂർത്തിയാക്കണമെന്നും ഇത് സിൻഡിക്കേറ്റ് അംഗീകരിച്ചതാണെന്നും വൈസ് ചാൻസിലർ പറഞ്ഞു.

8.71 പ്രമേയം സെനറ്റ് തള്ളിക്കളഞ്ഞു.

Resolution No.6

Dr. SHANOJ M.P moved the resolution

നവ കേരള വികസനം വൈജ്ഞാനിക സമൂഹത്തിലൂടെ എന്ന മുദ്രാവാക്യം മുൻനിർത്തി ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആസൂത്രിത പദ്ധതികളും പരിഷ്കാരങ്ങളും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ച് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.

8.72 ശ്രീ. സാജു പി.ജെ പ്രമേയത്തെ പിന്താങ്ങി.

8.73 ഇതുമായി ബന്ധപ്പെട്ട് സർവ്വകലാശാല ചെയ്ത കാര്യങ്ങൾ വിശദമായി ഈ പ്രമേയത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്ന് വൈസ് ചാൻസിലർ പറഞ്ഞു.

8.74 പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞാൽ append ചെയ്യാൻ പറ്റുമോ എന്നത് പരിശോധിക്കണം എന്നും ഇതുമായി ബന്ധപ്പെട്ട് അദ്ധ്യാപക സംഘടന സമരത്തിലാണെന്നും പ്രമേയത്തെ എതിർക്കുന്നുവെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു.

8.75 അദ്ധ്യാപക സംഘടന നടത്തിയ സമരം സേവന വേതനവുമായി ബന്ധപ്പെട്ടതാണെന്നും അക്കാദമിക് മേഖലയുമായി ബന്ധപ്പെട്ടതല്ലെന്നും ഡോ. സുരേഷ് കുമാർ കെ.എസ് പറഞ്ഞു.

8.76 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.7

Smt. SONA P moved the resolution

വിദ്യാർത്ഥികളുടെ സർവ്വകലാശാല പരീക്ഷകളുടെ റിസൽട്ട് അദ്ധ്യാപകർക്ക് പരിശോധിക്കാൻ സാധിക്കുന്ന സംവിധാനങ്ങൾ നിലവിലില്ല. വിദ്യാർത്ഥികളുടെ റിസൽട്ടുകൾ ടീച്ചർ ലോഗ് ഇൻ ഐഡി ഉപയോഗിച്ചോ ഇൻസ്റ്റിറ്റ്യൂഷൻ ലോഗ് ഇൻ ഐഡി ഉപയോഗിച്ചോ പരിശോധിക്കാൻ പറ്റുന്ന സംവിധാനം ഏർപ്പെടുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.77 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

8.78 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.8

Dr. JAYAKRISHNAN T V moved the resolution

ഈ അധ്യയന വർഷം മുതൽ ചോദ്യപേപ്പറുകൾ ഓൺലൈൻ ആയി കോളേജുകളിലേക്ക് അയക്കുകയും കോളേജിൽ വെച്ച് അച്ചടി ജോലികൾ നടക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പരീക്ഷാ സംവിധാനത്തിന്റെ സുതാര്യതയും ചോദ്യക്കടലാസുകളുടെ രഹസ്യ സ്വഭാവവും കാത്ത് സൂക്ഷിക്കുന്നതിനായി ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെ ഓരോ സെന്ററുകളിലും നിയോഗിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.79 ഡോ. മഞ്ജുള കെ.വി പ്രമേയത്തെ പിന്താങ്ങി.

8.80 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.9

Dr. SHANOJ M.P moved the resolution

കോവിഡ് വ്യാപന കാലത്ത് കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ വ്യത്യസ്തമായ നടപടിക്രമങ്ങൾ അനുവർത്തിക്കാൻ യൂണിവേഴ്സിറ്റി നിർബന്ധിതമായി ത്തീർന്നിട്ടുണ്ട്. അതിനു ശേഷം വന്ന മൂല്യ നിർണ്ണയ ക്യാമ്പുകളിലും ഈ രീതികൾ ആവർത്തിക്കുന്നത് മൂല്യ നിർണ്ണയത്തിന്റെ കാര്യക്ഷമതയെ ബാധിച്ചിട്ടുണ്ട്. ആയതിനാൽ വാലേഷൻ കുറ്റമറ്റതും നീതിയുക്തവും സമയബന്ധിതവും ആയി നടപ്പിലാക്കാൻ കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിലേക്ക് സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലെ മുഴുവൻ അദ്ധ്യാപകരേയും എത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.81 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

8.82 കോവിഡ് കാലത്ത് പല ക്യാമ്പുകളും പല രീതിയിൽ നടത്തിയിട്ടുണ്ടെങ്കിലും എല്ലാ അദ്ധ്യാപകരും പങ്കെടുക്കുന്ന സാഹചര്യം ഉണ്ടായിരുന്നില്ല. നിലവിൽ സെൻട്രലൈസ്ഡ് വാല്യുവേഷൻ ക്യമ്പുകൾ schedule ചെയ്തിട്ടുണ്ട് എന്നും ക്യാമ്പിലേക്ക് മുഴുവൻ അദ്ധ്യാപകരേയും എത്തിക്കുന്നതിലേക്കായി അവരെ കോളേജുകളിൽ നിന്ന് relieve ചെയ്ത് കൊണ്ട് ക്യാമ്പുകളിൽ പങ്കെടുപ്പിക്കാനുള്ള തീരുമാനമായിട്ടുണ്ട് എന്ന് ഡോ. കെ.ടി. ചന്ദ്രമോഹനൻ പറഞ്ഞു. വന്നി

ട്ടുള്ള പാളിച്ചകൾ ഗൗരവമായി കണ്ട് പരിഹാരങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുണ്ട് മുന്നോട്ടു പോകുന്നതാണ്.

8.83 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.10

Dr. M SINI moved the resolution

കണ്ണൂർ സർവ്വകലാശാലയ്ക്കു കീഴിലെ ക്യാമ്പസുകളിലും അഫിലിയേറ്റഡ് കോളേജുകളിലും UGC മാനദണ്ഡമനുസരിച്ചുള്ള Internal Complaints Committee (ICC), Anti-Ragging Committee എന്നിവ രൂപീകൃതമായിട്ടുണ്ടെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സർവ്വകലാശാല കൈക്കൊള്ളണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.84 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

8.85 ഇത്തരം കമ്മിറ്റികൾ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും നിലവിലുള്ളതിനാൽ ഇത്തരം ചെറിയ വിഷയങ്ങളിൽ ഇടപെടേണ്ടതുണ്ടോ എന്ന് ഡോ. ആർ. കെ. ബിജു അഭിപ്രായപ്പെട്ടു.

8.86 ഇത് ചെറിയ വിഷയമായി കാണിന്നില്ലെന്നും ഇത്തരം സമിതികൾ നിലവിലില്ലാത്തതിനാൽ ഈ പ്രമേയവുമായി മുന്നോട്ട് പോകാമെന്നും ചെയറിലുണ്ടായിരുന്ന പ്രോ. വൈസ് ചാൻസിലർ അറിയിച്ചു.

8.87 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.11

Sri. SAJU P.J moved the resolution

കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയായ മെഡിസെപ്പിൽ വളരെ കുറച്ച് ആശുപത്രികളും ഡിപ്പാർട്ട്മെന്റുകളും മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കൂടുതൽ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും നിലവിലുള്ളതിൽ കൂടുതൽ വിഭാഗങ്ങളെ കൂടി പരിഗണിക്കണമെന്നും ഈ പദ്ധതിയിലെ മറ്റു പോരായ്മകൾ പരിഹരിക്കണമെന്നും, കൂടാതെ ഈ പദ്ധതിയിൽ മംഗലാപുരത്തെ ചില ആശുപത്രികൾ ഉൾപ്പെടുത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ഈ പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

8.88 ഡോ. മഞ്ജുള കെ.വി പ്രമേയത്തെ പിന്താങ്ങി.

8.89 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.12

Dr. M SINI moved the resolution

സർവ്വകലാശാല പഠന വകുപ്പുകളിൽ ഈ വർഷം Ph.D Course work ന് 2022 മാർച്ച് മുതൽ 2022 ജൂലായ് വരെ ഒരേ വകുപ്പിൽ തന്നെ ഗവേഷണ വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. ആറുമാസം ദൈർഘ്യമുള്ള കോഴ്സ് വർക്ക് ഇതു കാരണം ദീർഘിച്ചു പോകാതിരിക്കാനും, കോഴ്സ് വർക്ക് പരീക്ഷകൾ പ്രസ്തുത വിദ്യാർത്ഥികൾക്ക് ആറുമാസം കഴിയുന്ന മുറയ്ക്കു തന്നെ നടത്തി രജിസ്ട്രേ

ഷൻ നൽകാൻ സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.90 ഡോ. സുരേഷ് കുമാർ. കെ.എസ് പ്രമേയത്തെ പിന്താങ്ങി.

8.91 ഡോ. ശ്രീജിത്ത് കെ, ഡോ. പ്രസാദൻ പി.കെ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. മേൽ വിഷയം സർവ്വകലാശാലയിലെ ആന്ത്രോപ്പോളജി ഡിപ്പാർട്ട്മെന്റിലേത് മാത്രമായതിനാലും പൊതുവായ പ്രശ്നമല്ലാത്തതിനാലും പ്രമേയത്തിൽ വ്യക്തതക്കുറവുണ്ടെന്നും പ്രമേയം പിൻവലിക്കണമെന്ന് ചെയറിയുണ്ടായിരുന്ന പ്രോ. വൈസ് ചാൻസിർ അഭിപ്രായപ്പെട്ടു.

8.92 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.13

Dr. ISMAYIL OLAYIKKARA moved the resolution

വിദ്യാർത്ഥികൾ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ച് ഒരു മാസത്തിനകം കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ നടത്തി റീവാലേഷൻ റിസൾട്ട് പ്രസിദ്ധീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.93 ഡോ. ആർ.കെ. ബിജു പ്രമേയത്തെ പിന്താങ്ങി.

8.94 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.14

Sri. SAJU P.J moved the resolution

സർവ്വകലാശാല ആസ്ഥാനത്തു നിന്നും പുതിയ ബസ് സ്റ്റാന്റിലേക്ക് നടന്നു പോകുന്ന വഴി (റെയിൽവേ ബ്രിഡ്ജിന് താഴെ ഭാഗം) അത്യന്തം വൃത്തിഹീനമാണ്. മാലിന്യം നിക്ഷേപിക്കുന്നതിനാൽ ദുർഗന്ധം സഹിച്ചും മലിന ജലം ചവിട്ടിയുമാണ് ബസ് സ്റ്റാന്റിലേക്കു പോവേണ്ടത്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ഒഴിവാക്കാനും റോഡ് ആവശ്യമായ അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കാനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നും അതിന് സർവ്വകലാശാല മുൻകൈയെടുക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.95 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

8.96 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.15

Dr. PREMACHANDRAN KEEZHOTH moved the resolution

എം എസ് സി ക്ലിനിക്കൽ & കൗൺസിലിംഗ് സൈക്കോളജി, ലൈബ്രറി സയൻസ് തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷിച്ച ഇന്ത്യയിലാകമാനമുള്ള വിദ്യാർത്ഥികളെ നിരാശപ്പെടുത്തികൊണ്ട് പൊതു പ്രവേശന പരീക്ഷ നിശ്ചയിച്ച തീയ്യതിക്ക് മുന്നെ നടത്തുകയും പ്രസ്തുത വിവരം യഥാസമയം അറിയിക്കാതിരിക്കുകയും ചെയ്തതു പോലുള്ള സംഭവം ആവർത്തിക്കാതിരിക്കാൻ നടപടിയെടുക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.97 മേൽ വിഷയത്തിൽ വിദ്യാർത്ഥികളിൽ നിന്നും പരാതിയൊന്നും ലഭിച്ചിട്ടില്ല. കൂടാതെ പരിക്ഷ നടത്തുന്നതിന് മുമ്പ് വിദ്യാർത്ഥികൾക്ക് Prior notice നൽകിയിട്ടുമുണ്ട്. ആയതിനാൽ പ്രമേയം റദ്ദ് ചെയ്യുന്നതായി ചെയർ അറിയിച്ചു.

Resolution No.16

Sri. SATHEESHAN P K moved the resolution

സർവ്വകലാശാലയിൽ വിദ്യാർത്ഥികൾ നൽകുന്ന അപേക്ഷകളിൽ ചെറിയ തെറ്റുകൾ (കുത്തും കോമയും ഉൾപ്പെടെ) തിരുത്തുന്നതിനായി വീണ്ടും അപേക്ഷ കൊടുക്കേണ്ടി വരുമ്പോൾ അപേക്ഷകരായ വിദ്യാർത്ഥികളിൽ നിന്നും സർവ്വകലാശാല ഈടാക്കുന്ന 90 രൂപ തിരുത്തൽ ഫീസ് ഒഴിവാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.98 ഡോ. ആർ.കെ. ബിജു പ്രമേയത്തെ പിന്താങ്ങി.

8.99 സാങ്കേതിക തകരാറിനെ തുടർന്ന് പ്രമേയത്തെ പിന്തുണച്ച ഡോ. ആർ.കെ. ബിജു ചെയറിന്റെ അനുമതിയോടെ പ്രമേയം അവതരിപ്പിച്ചു.

8.100 ഡോ. കെ.ടി. ചന്ദ്രമോഹനൻ, ഡോ. ജയകൃഷ്ണൻ ടി.വി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

8.101 തുടർന്ന് സംസാരിച്ച ശ്രീ. സതീശൻ പി.കെ ചെറിയ തെറ്റുകൾക്കുപോലും 90/- രൂപ പിഴ ഈടാക്കുന്നതായി പറഞ്ഞു. കൂടാതെ ഒരേ തെറ്റിന് വീണ്ടും ഫൈൻ നൽകേണ്ടതായി വരുന്ന സാഹചര്യം നിലവിലുണ്ട്.

8.102 അഡ്മിഷൻ കഴിഞ്ഞാൽ സ്റ്റുഡന്റ് ഡാറ്റ വേരിഫൈ ചെയ്യാൻ പറയുന്നുണ്ട്. കോളേജ് ഇത് കൃത്യമായി ചെയ്യാത്തതിനാലാണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാവുന്നത്. കോളേജുകളിൽ ജീവനക്കാർ കുറവായതിനാലാണ് ഇത്തരം പരിശോധനകൾ നടത്താൻ കഴിയാത്തതെന്ന് ഡോ. ആർ.കെ. ബിജു പറഞ്ഞു.

8.103 കുട്ടികളിൽ നിന്ന് ഫൈൻ ഈടാക്കുന്നതിന് പകരം കോളേജുകളിൽ നിന്ന് ഈടാക്കാമെന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ചു. ഇത് സർക്കുലർ വഴി കോളേജുകളെ അിറയിക്കണമെന്ന് ഡോ. വിജയൻ കെ ആവശ്യപ്പെട്ടു.

8.104 ഇത് അംഗീകരിച്ച വൈസ് ചാൻസിലർ പ്രമേയം തള്ളിക്കളഞ്ഞു.

Resolution No.17

Dr. SURESH KUMAR K S moved the resolution

കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിൽ സാമൂഹിക ശാസ്ത്ര രംഗത്ത് ധാരാളം ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.ഈ ഗവേഷണങ്ങളെ പ്രായോഗിക തലത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് പഠിക്കുകയും ഇവയെ അടിസ്ഥാനമാക്കി ചർച്ചയും സംവാദവും സംഘടിപ്പിച്ച് കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പരിധിയിൽ പെടുന്ന പ്രദേശങ്ങളിലെ സാമൂഹികമായ ഉന്നമനത്തിന് പ്രയോജനപെടുത്താനുള്ള പദ്ധതികൾ തയ്യാറാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.105 ശ്രീ. സാജു. പി.ജെ പ്രമേയത്തെ പിന്താങ്ങി.

8.106 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.18

Dr. MANJULA K.V moved the resolution

യുജി/പിജി, പ്രാക്ടിക്കൽ വൈവ വോസി പരീക്ഷകളുമായി ബന്ധപ്പെട്ട ജോലി നിർവ്വഹിക്കുന്ന അദ്ധ്യാപകരുടെ റമ്യൂണറേഷൻ വളരെക്കാലമായി മുടങ്ങിക്കിടക്കുകയാണ്. അത് എത്രയും പെട്ടെന്ന് അനുവദിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.107 ഡോ. ജയകൃഷ്ണൻ ടി.വി പ്രമേയത്തെ പിന്താങ്ങി.

8.108 ഈ വിഷയത്തിൽ 2022 ആഗസ്റ്റ് 5 വരെ പരീക്ഷാ വിഭാഗത്തിൽ ലഭിച്ചിട്ടുള്ള എല്ലാ ബില്ലുകളും പാസ്സാക്കി payment ന് അയച്ചിട്ടുണ്ട് എന്ന് പ്രോ. വൈസ് ചാൻസിലർ അറിയിച്ചു.

8.109 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.19

Dr. R.K BIJU moved the resolution

സർവ്വകലാശാലയിൽ അത്യന്താപേക്ഷിതമായ ഒന്നാണ് പഠന ബോർഡുകൾ. പക്ഷേ കണ്ണൂർ സർവ്വകലാശാലയിൽ കഴിഞ്ഞ കുറേക്കാലമായി പഠന ബോർഡുകൾ നിലവിലില്ലാതായിരിക്കുകയാണ്. അതാതു മേഖലയിൽ മികവ് തെളിയിച്ചവരെ മാത്രം ഉൾപ്പെടുത്തി ഉടൻതന്നെ പഠന ബോർഡുകൾ പുന:സ്ഥാപിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.110 ബഹു. ചാൻസർ പഠന വകുപ്പുകൾ രൂപീകരിക്കാതെ ഇരിക്കുകയാണെന്ന് ശ്രീ. സാജു. പി.ജെ പറഞ്ഞു. മേൽ പ്രമേയം ഔദ്യോഗിക പ്രമേയമായി ഇതിനകം പാസ്സാക്കിയതാണെന്നും ആയതിനാൽ വീണ്ടും പ്രമേയം അവതരിപ്പിക്കേണ്ടതില്ലെന്നും ഡോ. സുരേഷ് കുമാർ കെ.എസ് പറഞ്ഞു.

8.111 ഈ പ്രമേയത്തിലുള്ള അതാതു മേഖലയിൽ മികവ് തെളിയിച്ചവരെ മാത്രം ഉൾപ്പെടുത്തി എന്ന പ്രയോഗം ദുഷ്പ്രേരിതമാണ്. അത് ദുർവ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. പഠന ബോർഡിൽ അനധികൃതമായി ആരെങ്കിലും കടന്നു വന്നിട്ടുണ്ട് എന്ന് ഒരു കോടതിയും വ്യാഖ്യാനിച്ചിട്ടില്ലാത്തതിനാൽ ഇത്തരം വാചകം ഉൾപ്പെട്ട പ്രമേയം തള്ളിക്കളയേണ്ടതാണെന്ന് ശ്രീമതി. സോന പി അഭിപ്രായപ്പെട്ടു. സെനറ്റ് ഈ വിഷയം നേരത്തെ ചർച്ചചെയ്തതാണെന്നും ഇത് തള്ളിക്കളയുന്നുവെന്നും ചെയർ അറിയിച്ചു.

Resolution No.20

Dr. JAYAKRISHNAN T V moved the resolution

കണ്ണൂർ സർവ്വകലാശാല യുജി/പിജി പരീക്ഷകൾക്ക് അപേക്ഷിക്കുന്ന അവസരത്തിൽ സംഭവിക്കുന്ന ചെറിയ പിഴവുകൾ തിരുത്തിക്കിട്ടുന്നതിന് വിദ്യാർത്ഥികളിൽ നിന്നും നിലവിൽ ഫൈൻ ഈടാക്കുന്നുണ്ട്. ഒരു തവണ ഫൈൻ അടച്ച് തെറ്റ് തിരുത്തിയ വിദ്യാർത്ഥിക്ക് അടുത്ത പ്രാവശ്യവും ഇതേ രീതിയിൽ ഫൈൻ അടക്കേണ്ടുന്ന സ്ഥിതി വിശേഷമാണ് ഇപ്പോഴുള്ളത്. തിരുത്തൽ വരുത്തിയ ഡാറ്റ നിലനിർത്തുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.112 നേരത്തെ ചർച്ച ചെയ്ത വിഷയമായതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.21

Dr. ISMAYIL OLAYIKKARA moved the resolution

സർക്കാർ സർവ്വീസിലുള്ളവരുടെ ദീർഘകാല ആവശ്യം പരിഗണിച്ച് കേരള ത്തിലെ 45 ലക്ഷത്തിൽ പരം സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബാംഗ ങ്ങൾക്കും മെഡിക്കൽ സുരക്ഷ ഏർപ്പെടുത്തിയ മെഡിസെപ് പദ്ധതി നടപ്പിലാ ക്കിയ കേരള സർക്കാരിനെ ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.

8.113 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

8.114 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.22

Dr. SHANOJ M.P moved the resolution

അർഹരായ വിദ്യാർത്ഥികൾക്കായി യൂണിവേഴ്സിറ്റി നടത്തുന്ന സ്പെഷ്യൽ പരീ ക്ഷകൾ സമയ ബന്ധിതമായി നടത്തിയില്ലെങ്കിൽ അത് വിദ്യാർത്ഥികളുടെ ഉപരി പഠന അവസരങ്ങളെ പ്രതികൂലമായി ബാധിക്കും. അതിനാൽ ഓരോ സെമസ്റ്റ റിലും യൂണിവേഴ്സിറ്റി പരീക്ഷകൾ നടന്ന് മൂന്നുമാസത്തിനകം ആവശ്യാനുസ രണം സ്പെഷ്യൽ പരീക്ഷകൾ നടത്തണമെന്നും റിസൽട്ട് പ്രസിദ്ധീകരിക്കണ മെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.115 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

8.116 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.23

Dr. MANJULA K.V moved the resolution

പരീക്ഷാ മുല്യനിർണ്ണയ ക്യാമ്പ് നടക്കുന്ന താവക്കര ക്യാമ്പസ് വളരെ സൗകര്യം കുറവാണെന്നു മാത്രമല്ല ഭിന്നശേഷിക്കാരായ അദ്ധ്യാപകർ മുകളിലത്തെ നിലയിൽ എത്താൻ വളരെ ബുദ്ധിമുട്ടുന്നുമുണ്ട്. ഭിന്നശേഷിക്കാരുടെ അവസ്ഥ പരിഗണിച്ചുകൊണ്ട് ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.117 ഡോ. സുരേഷ് കുമാർ. കെ.എസ് പ്രമേയത്തെ പിന്താങ്ങി.

8.118 ബുദ്ധിമുട്ടുള്ളവർക്ക് താഴത്തെ നിലയിൽ വാല്യുവേഷന് സൗകര്യം ചെയ്യാമെന്ന് വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

8.119 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.24

Smt. SONA P moved the resolution

കണ്ണൂർ സർവ്വകലാശാലയിൽ പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ പഠന ഗവേ ഷണ പ്രവർത്തനങ്ങൾക്കായി പഠന വകുപ്പ് ആരംഭിക്കണമെന്ന് ഈ പ്രമേയത്തി ലൂടെ ആവശ്യപ്പെടുന്നു.

8.120 ഡോ. സുരേഷ് കുമാർ കെ.എസ്. പ്രമേയത്തെ പിന്താങ്ങി.

8.121 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.25

Sri. SATHEESHAN P K moved the resolution

കണ്ണൂർ സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് കോളേജിലേക്ക് നൽകുന്ന ടൈംടേബിളും നോമിനൽ റോളും നൽകിയതിൽ നിന്നും തീയ്യതിയും വിഷയവും തരം തിരിച്ചെടുക്കുവാൻ ജീവനക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടും സമയനഷ്ടവും ഉണ്ടാവുകയാണ്. ആയതിനാൽ നോമിനൽ റോളിൽ വിദ്യാർത്ഥികളുടെ പേരിന് നേരെ പരീക്ഷാ തീയ്യതിയും കൂടി ചേർക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.122 ശ്രീമതി. ലത ഇഎസ് പ്രമേയത്തെ പിന്താങ്ങി.

8.123 സർവ്വകലാശാല തലത്തിൽ ഇത് പ്രായോഗികമല്ലെന്നു പ്രോ. വൈസ് ചാൻസിലർ അറിയിച്ചു. നിലവിലെ സംവിധാനത്തിൽ ഇത് ബുദ്ധിമുട്ടുണ്ടാക്കും. ആയതിനാൽ ഭാവിയിൽ മെച്ചപ്പെട്ട സംവിധാനമുണ്ടാകുന്ന മുറയ്ക്ക് ഈ വിഷയം പരിഗണിക്കുന്നതാണെന്ന് പ്രോ. വൈസ് ചാൻസിലർ അറിയിച്ചു.

8.124 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.26

Dr. VIJAYAN K moved the resolution

Ph.D വിദ്യാർത്ഥികളുടെ ഗവേഷണ പുരോഗതി വിലയിരുത്തുന്നതിനായി ചേരുന്ന RAC യോഗത്തിൽ പങ്കെടുക്കുന്ന വിഷയ വിദഗ്ദർക്ക് സർവ്വകലാശാല TA/DA അനുവദിക്കുന്നില്ല. പലപ്പോഴും വിദ്യാർത്ഥികളും റിസർച്ച് ഗൈഡുമാരുമാണ് ഈ ചെലവ് വഹിക്കേണ്ടി വരുന്നത്. ഈ സാഹചര്യത്തിൽ RAC യോഗത്തിൽ പങ്കെടുക്കുന്ന വിഷയ വിദഗ്ദർക്ക് നിയമാനുസൃതമായ TA/DA നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.125 ഡോ. സുരേഷ് കുമാർ. കെ.എസ് പ്രമേയത്തെ പിന്താങ്ങി.

8.126 നിലവിൽ വിദഗ്ധർക്ക് TA/DA നൽകുന്നതിനാൽ പ്രമേയം തള്ളിക്കളയുന്നതായി വൈസ് ചാൻസിലർ അറിയിച്ചു.

Resolution No.27

Dr. VIJAYAN K moved the resolution

കണ്ണൂർ സർവ്വകലാശാലയിലെ യു.ജി/പി.ജി പരീക്ഷകളുടെ പുനർ മൂല്യനിർണ്ണയവും, ഗ്രേസ് മാർക്കുകൾ ചേർക്കുന്ന മുറയ്ക്ക് 2021-22 വർഷത്തെ റിസൽട്ട് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.127 റിസൽട്ട് സ്റ്റാറ്റിസ്റ്റിക്സ് ഇതിനകം തന്നെ പ്രസിദ്ധീകരിച്ചതിനാൽ പ്രോ. വൈസ് ചാൻസിലറുടെ വിശദീകരണത്തിനുശേഷം പ്രമേയം തള്ളിക്കളഞ്ഞു.

Resolution No.28

Sri. SAJU P.J moved the resolution

കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും ടൈപ്പിസ്റ്റ് വിഭാഗത്തിൽ സെക്ഷൻ ഓഫീസർ തസ്തികയിലുള്ള ആരും ഓപ്ഷൻ വഴി കണ്ണൂർ സർവ്വകലാശാലയിൽ

വരാനില്ലാതിരുന്നതിനാൽ സൃഷ്ടിക്കപ്പെട്ട 2 സെക്ഷൻ ഓഫീസർ (FC&D) തസ്തികകൾക്ക് മുൻകാല പ്രാബല്യത്തോടെ അനുമതി നൽകുന്നതിനും ലൈബ്രറി വിഭാഗത്തിൽ 1 : 1 : 1 : 1 അനുപാതത്തിൽ തസ്തികകൾ പുനഃക്രമീകരിക്കുന്നതിനും ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ പുനർനിർണ്ണയിച്ചു നൽകുന്നതിനും സർക്കാരിൽ സമർപ്പിച്ച അപേക്ഷകളിൽ മേൽ സത്വര നടപടികളെടുക്കാൻ സർക്കാരിനോട് ആവശ്യപ്പെടണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.128 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

8.129 പ്രമേയത്തിൽ വ്യക്തതക്കുറവുണ്ടെന്നും തള്ളണമെന്നും നിയമനം പി.എസ്.സിക്ക് വിട്ടതാണെന്നും ഡോ. ആർ.കെ. ബിജു പറഞ്ഞു. നേരത്തെയുള്ള രണ്ട് തസ്തികകൾക്ക് Concerrence കിട്ടിയിട്ടില്ലാത്തതിനാലാണ് പ്രമേയം കൊണ്ടുവന്നതെന്ന് ശ്രീ. സാജു. പി.ജെ പറഞ്ഞു.

8.130 1 : 1 : 1 : 1 കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് വൈസ് ചാൻസിലർ പറഞ്ഞു.

8.131 1 : 1 : 1 : 1 വിഷയത്തിൽ വ്യക്തത വരുത്തിയതിനെ തുടർന്ന് പ്രമേയം സഭ അംഗീകരിച്ചു.

Resolution No.29

Dr. SURESH KUMAR K S moved the resolution

സാമൂഹിക സേവന രംഗത്ത് ഇന്ത്യയിലെ വിദ്യാർത്ഥികളുടെ ഏറ്റവും വിപുലമായ സംഘടനയാണ് നാഷണൽ സർവ്വീസ് സ്കീം. നാഷണൽ സർവ്വീസ് സ്കീം അംഗങ്ങളായ വിദ്യാർത്ഥികളോടും പ്രോഗ്രാം ഓഫീസർമാരോടും ട്വിറ്റർ അക്കൗണ്ട് തുടങ്ങാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പിന്തിരിപ്പൻ നയങ്ങളും രാഷ്ട്രീയ താൽപര്യങ്ങളും പ്രചരിപ്പിക്കാനുള്ള തന്ത്രപരമായ പ്രവർത്തനത്തിൽ നിന്നും പിൻമാറണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.132 ശ്രീ. സാജു പി.ജെ പ്രമേയത്തെ പിന്താങ്ങി.

8.133 ഡോ. ആർ.കെ ബിജു പ്രമേയത്തെ എതിർത്തു സംസാരിച്ചു. ട്വിറ്റർ ഒരു അമേരിക്കൻ കമ്പനിയാണെന്നും അത് കേന്ദ്രസർക്കാരിന്റെ കീഴിൽ വരുന്നത് എങ്ങനെയാണെന്നും അറിയില്ലെന്നും പറഞ്ഞു.ലോകത്തിലെ തന്നെ പ്രധാനപ്പെട്ട ഒരു സോഷ്യൽ നെറ്റ് വർക്ക് ആണ് ട്വിറ്റർ. ഇതിനകത്ത് ധാരാളം കായികതാരങ്ങൾ, അക്കാദമീഷന്മാർ തുടങ്ങിയവർ അംഗങ്ങളായിട്ടുണ്ട്. വലിയ ഫോളോവേഴ്സ് ഉള്ള അക്കൗണ്ടിനെ കേന്ദ്രസർക്കാരിന്റെ എന്ന രീതിയിലേക്ക് മാത്രമായി മാറ്റുന്നത് ശരിയാണോ എന്ന ആശങ്ക പ്രകടിപ്പിച്ചു. ട്വിറ്ററിനെ കുറിച്ചല്ല മിറച്ച് ഇത് ദുരപയോഗം ചെയ്യുന്ന രീതിയെയാണ് എതിർക്കുന്നത് എന്ന് വൈസ് ചാൻസിലർ, ഡോ. സുരേഷ് കുമാർ കെ.എസ് എന്നിവർ പറഞ്ഞു.

8.134 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.30

Dr. SURESH KUMAR K S moved the resolution

ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഈ മേഖലയിൽ ഫണ്ടുകളും പുതിയ കോഴ്സുകളും അനുവദിക്കുകയും ചെയ്ത സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ഈ വർഷം കേരളത്തിലെ യൂണിവേഴ്സിറ്റികളും കോളേജുകളും NIRF റാങ്കിങ്ങിൽ മികച്ച നേട്ടം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. NIRF റാങ്കിംഗിൽ 150-200 ബാന്റിൽ സ്ഥാനം ലഭിച്ച കണ്ണൂർ യൂണിവേഴ്സിറ്റിയെ ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.

8.135 ഡോ. ഇസ്മായിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

8.136 പ്രമേയം സഭ അംഗീകരിച്ചു.

8.137 കൃത്യം 1.00 ന് യോഗം അവസാനിച്ചു.

VICE CHANCELLOR